# Homegrown By Keralites. With Love.

**2020 - 2021**
**ANNUAL REPORT**
വാർഷിക റിപ്പോർട്ട്



milma®

KERALA CO-OPERATIVE MILK MARKETING FEDERATION LTD.
കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ ലിമിറ്റഡ്

milma



# ANNUAL REPORT
# 2020 - 2021

# FORFVER IN OUR HEARTS AND MEMORIES



**P.A. BALAN MASTER**

(1947 - 2021)

CHAIRMAN, MILMA

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഭരണസമിതി അംഗങ്ങൾ | 6 |
| 2. | വാർഷിക പൊതുയോഗ നോട്ടീസ് | 9 |
| 3. | 2020-21 ലെ വാർഷിക റിപ്പോർട്ട് | 11 |
| 4. | 2020-21 ലെ സ്ഥിതി വിവര കണക്കുകൾ | 15 |
| 5. | കേന്ദ്രാവിഷ്കൃത പദ്ധതികൾ | 18 |
| 6. | മേഖല യൂണിയനുകളുടെ വിവിധ വികസന ക്ഷേമകാര്യ പ്രവർത്തനങ്ങൾ | 18 |
| 7. | കെ സി എം എം എഫിന്റെ യൂണിറ്റുകൾ | |
| | (എ) സെൻട്രൽ പ്രോഡക്ട്സ് ഡയറി, ആലപ്പുഴ | 27 |
| | (ബി) കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് | 32 |
| | (സി) കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ | 33 |
| 8. | കെ സി എം എം എഫ് ഹെഡ് ക്വാർട്ടേഴ്സ് | |
| | (എ) പ്രൊക്യൂർമെന്റ് & ഇൻപുട്ട് (പി & ഐ) | 36 |
| | (ബി) പർച്ചേയ്സ് | 36 |
| | (സി) വിപണനം | 38 |
| | (ഡി) പ്രോജക്ട് | 39 |
| | (ഇ) ഗുണനിലവാര നിയന്ത്രണവും ഉൽപാദനവും | 42 |
| | (എഫ്) കമ്പ്യൂട്ടർ വിഭാഗം | 43 |
| | (ജി) മാനവശേഷി വികസനം | 46 |
| | (എച്ച്) ആഡിറ്റ് | 46 |
| | (ഐ) ധനകാര്യം | 46 |
| 9. | ഉപസംഹാരം | 48 |
| 10. | കൃതജ്ഞത | 49 |
| 11. | ആഡിറ്റ് സർട്ടിഫിക്കറ്റ് | 50 |
| 12. | 31.03.2021 വരെയുള്ള ഏകീകരിച്ച ബാക്കി പത്രവും ലാഭനഷ്ട കണക്കും (പ്രൊവിഷണൽ) | 51 |

# ഭരണസമിതി അംഗങ്ങൾ

**31.03.2021 ൽ നിലവിലുള്ളത്**

**ശ്രീ. പി.എ. ബാലൻ മാസ്റ്റർ**
ചെയർമാൻ, കേരള സഹകരണ
ക്ഷീര വിപണന ഫെഡറേഷൻ

**ശ്രീമതി ടിങ്കു ബിസ്വാൾ ഐ.എ.എസ്.**
സെക്രട്ടറി (എ.എച്ച് & ഡി.ഡി)
കേരള സർക്കാർ

**ശ്രീ. ജോൺ തെരുവത്ത്**
ചെയർമാൻ
എറണാകുളം മേഖലാ യൂണിയൻ

**ശ്രീ. കെ.എസ്. മണി**
ചെയർമാൻ, മലബാർ മേഖലാ യൂണിയൻ

**ശ്രീ. വി.പി. സുരേഷ് കുമാർ**
അഡ്മിനിസ്ട്രേറ്റർ
തിരുവനന്തപുരം മേഖലാ യൂണിയൻ

**ശ്രീ. ജോണി ജോസഫ്**
എറണാകുളം മേഖലാ യൂണിയൻ പ്രതിനിധി

**ശ്രീമതി ലിസി സേവ്യർ**
എറണാകുളം മേഖലാ യൂണിയൻ പ്രതിനിധി

**ശ്രീ. കെ.കെ. ജോൺസൺ**
എറണാകുളം മേഖലാ യൂണിയൻ പ്രതിനിധി

**ശ്രീ. പി.പി. നാരായണൻ**
മലബാർ മേഖലാ യൂണിയൻ പ്രതിനിധി

**ശ്രീ. പി. ശ്രീനിവാസൻ**
മലബാർ മേഖലാ യൂണിയൻ പ്രതിനിധി

**ശ്രീമതി കെ.കെ. അനിത**
മലബാർ മേഖലാ യൂണിയൻ പ്രതിനിധി

**ശ്രീ. എസ്. രാജീവ്**
റീജിയണൽ ഹെഡ്
ദേശീയ ക്ഷീര വികസന ബോർഡ്

**ശ്രീമതി മിനി രവീന്ദ്രദാസ്**
ഡയറക്ടർ, ക്ഷീര വികസന വകുപ്പ്

**ശ്രീ. ഒ.ബി. സുരേഷ് കുമാർ**
ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
കേരള സർക്കാർ

**ഡോ. പാട്ടീൽ സുയോഗ്
സുഭാഷ്റാവു ഐ.എഫ്.എസ്**
മാനേജിംഗ് ഡയറക്ടർ

# ഭരണസമിതി അംഗങ്ങൾ



**ശ്രീ. പി.എ. ബാലൻ മാസ്റ്റർ**
ചെയർമാൻ, കേരള സഹകരണ
ക്ഷീര വിപണന ഫെഡറേഷൻ



**ശ്രീമതി ടിങ്കു ബിസ്വാൾ ഐ.എ.എസ്.**
സെക്രട്ടറി (എ.എച്ച് & ഡി.ഡി)
കേരള സർക്കാർ



**ശ്രീ. ജോൺ തെരുവത്ത്**
ചെയർമാൻ, എറണാകുളം
മേഖലാ യൂണിയൻ



**ശ്രീ. കെ.എസ്. മണി**
ചെയർമാൻ, മലബാർ
മേഖലാ യൂണിയൻ



**ശ്രീമതി മിനി രവീന്ദ്രദാസ്**
ഡയറക്ടർ
ക്ഷീര വികസന വകുപ്പ്



**ശ്രീ. വി.പി. സുരേഷ് കുമാർ**
അഡ്മിനിസ്ട്രേറ്റർ
തിരുവനന്തപുരം മേഖലാ
യൂണിയൻ



**ശ്രീ. ജോണി ജോസഫ്**
എറണാകുളം മേഖലാ
യൂണിയൻ പ്രതിനിധി



**ശ്രീമതി ലിസി സേവ്യർ**
എറണാകുളം മേഖലാ
യൂണിയൻ പ്രതിനിധി



**ശ്രീ. കെ.കെ. ജോൺസൺ**
എറണാകുളം മേഖലാ
യൂണിയൻ പ്രതിനിധി



**ശ്രീ. പി. ശ്രീനിവാസൻ**
മലബാർ മേഖലാ
യൂണിയൻ പ്രതിനിധി



**ശ്രീമതി കെ.കെ. അനിത**
മലബാർ മേഖലാ
യൂണിയൻ പ്രതിനിധി



**ശ്രീ. പി.പി. നാരായണൻ**
മലബാർ മേഖലാ
യൂണിയൻ പ്രതിനിധി



**ശ്രീ. എസ്. രാജീവ്**
റീജിയണൽ ഹെഡ്
ദേശീയ ക്ഷീര വികസന
ബോർഡ്



**ശ്രീ. ഒ.ബി. സുരേഷ് കുമാർ**
ഡെപ്യൂട്ടി സെക്രട്ടറി
ധനകാര്യ വകുപ്പ്,
കേരള സർക്കാർ



**ഡോ. പാട്ടീൽ സുയോഗ് സുഭാഷ്റാവു ഐ.എഫ്.എസ്**
മാനേജിംഗ് ഡയറക്ടർ

# ദേശീയ ക്ഷീരദിന ആഘോഷം 2020













## കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ ക്ലിപ്തം നമ്പർ 4345
**മിൽമ ഭവൻ, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം**

**നം. കെസിഎംഎംഎഫ്/പി&ഐ/എ.ജി.എം/2020–21** **14 സെപ്റ്റംബർ, 2021**

സർ,

**വിഷയം: കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ 48–ാമത് പൊതുയോഗ നോട്ടീസ്**

കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ 48–ാമത് പൊതുയോഗം താഴെ പറയുന്ന കാര്യപരിപാടികളോടെ 2021 സെപ്റ്റംബർ 30–ാം തീയതി, വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ ഹെഡ്ഓഫീസിൽ വച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുകയാണ്. താങ്കൾ കൃത്യമായും യോഗത്തിൽ പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു.

1. കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ 48–ാമത് പൊതുയോഗ നോട്ടീസും വിഷയ വിവര പത്രികയും അംഗീകരിക്കൽ
2. 2020 സെപ്റ്റംബർ 26–ാം തീയതി നടന്ന 47–ാമത് പൊതുയോഗത്തിന്റെ നടപടിക്കുറിപ്പ് അംഗീകരിക്കൽ
3. 2020 സെപ്റ്റംബർ 26–ാം തീയതി നടന്ന 47–ാമത് പൊതുയോഗത്തിന്റെ തീരുമാനങ്ങളിൽ എടുത്ത നടപടികളുടെ അവലോകനവും അംഗീകാരവും
4. അദ്ധ്യക്ഷ പ്രസംഗം
5. 2020–21 വർഷത്തെ (01.04.2020 മുതൽ 31.03.2021 വരെയുള്ള) വാർഷിക റിപ്പോർട്ട്, ബാക്കി പത്രം, ലാഭനഷ്ട കണക്ക് എന്നിവയുടെ അവതരണവും അംഗീകാരവും
6. 2020–21 വർഷത്തേക്കുള്ള സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കൽ
7. 2021–22 വർഷത്തേക്കുള്ള (01.04.2021 മുതൽ 31.03.2022 വരെയുള്ള) വാർഷിക ബഡ്ജറ്റിന്റേയും മൂലധന ബഡ്ജറ്റിന്റേയും അവതരണവും അംഗീകാരവും
8. 2019–20 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്, ആഡിറ്റ് റിപ്പോർട്ട്, ന്യൂനതാ സംഗ്രഹ റിപ്പോർട്ട് എന്നിവയുടെ അവതരണവും അംഗീകാരവും
9. 1969 കേരള സഹകരണ നിയമം 2013 ൽ ഭേദഗതി വരുത്തിയ ആക്ട് പ്രകാരം ഫെഡറേഷനിലെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് ആഡിറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച്
10. ബൈലാ ഭേദഗതി, ക്ലോസ് നമ്പർ 17
11. ചോദ്യങ്ങളും ഉത്തരങ്ങളും
12. പ്രമേയങ്ങൾ
13. അദ്ധ്യക്ഷന്റെ അനുമതിയോടു കൂടിയ മറ്റു വിഷയങ്ങൾ

ഉന്നയിക്കുവാനുള്ള ചോദ്യങ്ങളോ പാസാക്കാനുള്ള പ്രമേയങ്ങളോ ഉണ്ടെങ്കിൽ അവ 25.09.2021 വൈകുന്നേരം 05.00 മണിക്ക് മുമ്പായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. വിശദമായ വിഷയ വിവര പത്രിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ
**മാനേജിംഗ് ഡയറക്ടർ**
**ഭരണസമിതിക്കുവേണ്ടി**



BMCC ISO Certificate Distribution



Inauguration of Munnar Training Centre by Sri. Dean Kuriakose MP on 31st January 2021




Golden Milk and Golden Milk Mix product launch on 28th August 2020

## ബഹുമാന്യ അംഗങ്ങളെ,

കെസിഎംഎംഎഫിന്റെ 48-ാമത് വാർഷിക പൊതുയോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു. കെസിഎംഎംഎഫിന്റെ എല്ലാ ഭരണസമിതി അംഗങ്ങൾക്കും വേണ്ടി 2020-21ലെ കെസിഎംഎംഎഫിന്റെ വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്യാത്ത സാമ്പത്തിക സ്റ്റേറ്റുമെന്റുകളും ഇവിടെ അവതരിപ്പിക്കുന്നു.

ഈ വർഷം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് വളരെ വ്യത്യസ്തമായിരുന്നു. കോവിഡ് മഹാമാരി രാജ്യത്തെ തന്നെ മാറ്റി മറിച്ചു. നമ്മുടെ സാമ്പത്തിക സാമൂഹിക വ്യവസ്ഥിതി തന്നെ പരീക്ഷണ ഘട്ടത്തിലായിരുന്നു. പല വ്യവസായങ്ങളേയും മേഖലകളേയും മഹാമാരി മൂലം ഉണ്ടായ അടച്ചിടൽ പ്രതികൂലമായി ബാധിച്ചു. പലരുടേയും ഉപജീവനമാർഗം നഷ്ടപ്പെടുകയും സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും ചെയ്തു. ഇക്കാലത്ത് മിൽമയുടെ ലക്ഷ്യം പലതായിരുന്നു. നമ്മുടെ പ്രവർത്തനങ്ങളിൽ തടസ്സങ്ങൾ ഉണ്ടാവാതിരിക്കാനുള്ള തന്ത്രങ്ങൾ മെനയുകയായിരുന്നു ആദ്യത്തേത്. നമ്മുടെ ഉപഭോക്താക്കൾക്ക് മിൽമയുടെ ഉല്പന്നങ്ങൾ സുരക്ഷിതമായി വാങ്ങുന്നതിനുള്ള നടപടി ഉണ്ടാക്കുക എന്നതും നമ്മുടെ ക്ഷീരകർഷകർ അളക്കുന്ന പാൽ സംഭരിക്കുകയും കൃത്യമായി വില നൽകുകയും ചെയ്ത് അവരെ നിലനിർത്തുന്നതിനായി പ്രവർത്തിക്കുക എന്നിവയായിരുന്നു മറ്റ് ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ പാലിക്കുവാൻ കഴിഞ്ഞുവെന്ന് നമുക്ക് ആത്മവിശ്വാസത്തോടെ പറയാം.

ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയ്ക്ക് പാൽ വ്യവസായം ഇതുവരെയും അഭിവൃദ്ധിപ്പെടാത്ത സംസ്ഥാനമാണ് കേരളം എന്നാണ് വിശ്വസിക്കപ്പെട്ടിരുന്നതെങ്കിലും ഓപ്പറേഷൻ ഫ്ളഡ് പ്രോഗ്രാമിന്റെ രണ്ടാം ഘട്ടത്തിൽ കേരളവും ഉൾപ്പെടുകയുണ്ടായി. അന്നുമുതൽ മിൽമ കേരളത്തിലെ പാലുൽപാദനത്തിന്റേയും വിപണനത്തിന്റേയും നടത്തിപ്പിനുള്ള ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. ഇങ്ങനെ മിൽമ ആരംഭിച്ചതിനുശേഷം നമുക്ക് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. പ്രവർത്തനാരംഭം മുതൽ കേരളത്തിന്റെ വളർച്ചയിലും പുരോഗതിയിലും നിർണായക പങ്കുവഹിക്കാൻ മിൽമയ്ക്കു സാധിച്ചു. സാമ്പത്തിക രംഗത്തുള്ള സംഭാവനയ്ക്കു പുറമേ ആയിരക്കണക്കിനു ആളുകളെ ശാക്തീകരിക്കാൻ കഴിഞ്ഞതിലൂടെ ഒരു സാമൂഹ്യമാറ്റത്തിനു കാരണമാകുവാനും മിൽമയ്ക്ക് സാധിച്ചു. ക്ഷീരകർഷകർ-ജീവനക്കാർ-വിതരണക്കാർ-ഉപഭോക്താക്കൾ എന്നിങ്ങനെയുള്ള ഒരു ചങ്ങലയിലൂടെ എല്ലാ മേഖലയിലേയും ആളുകളുടെ താല്പര്യങ്ങൾ സന്തുലിതവും സംതൃപ്തകരവുമായ രീതിയിൽ മുന്നോട്ട് കൊണ്ട് പോവുക എന്നതാണ് മിൽമയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനം.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് പുറമെ മിൽമയുടെ സ്വന്തം ഫണ്ടും ഉപയോഗിച്ച് വിവിധ ക്ഷേമപദ്ധതികൾ മേഖലാ യൂണിയനുകളിലൂടെ നടപ്പിലാക്കുന്നതിലൂടെ ക്ഷീരകർഷകരുടെ ക്ഷേമവും സാമ്പത്തിക സുരക്ഷയും മിൽമ ഉറപ്പുവരുത്തുന്നു. സംയുക്ത കാലിത്തീറ്റ, ധാതുമിശ്രിതം, വെറ്റിനറി സഹായങ്ങൾ, കൃത്രിമ ബീജദാനം എന്നിവ ക്ഷീരകർഷകർക്കു നൽകിവരുന്നു. സ്ഥാപിതമായ നാൾ മുതൽ ഇന്നുവരെ ഉപഭോക്താക്കളുടെ അഭിരുചിക്കനുസൃതമായി ഉല്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് അതീവ ശ്രദ്ധപുലർത്തുന്നു. പാൽ വിതരണക്കാർ എന്നതിനു പുറമേ വിവിധ ഉപോൽപന്നങ്ങളിലൂടെ ഉപഭോക്താക്കളെ പരിപോഷിപ്പിക്കുന്നതിലും മിൽമ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മിൽമയുടെ വിറ്റാമിൻ സമ്പുഷ്ടമായ പാലിന് വിപണിയിൽ വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. മിൽമ ഈ വർഷം വിപണിയിൽ അവതരിപ്പിച്ച മൂല്യവർദ്ധിത ഉല്പന്നങ്ങളാണ് റിച്ച് മിൽക്ക്, ഗുഡ് ഹെൽത്ത്, ഗോൾഡൻ മിൽക്ക്, ഇമ്യൂണിറ്റി ബൂസ്റ്റിംഗ് ഹെൽത്ത് ഡ്രിങ്ക്, കോക്കനട്ട് കുക്കീസ് എന്നിവ. മത്സരാധിഷ്ഠിത വിപണിയിൽ ഉപഭോക്താവിന്റെ മാറിക്കൊണ്ടിരിക്കുന്ന അഭിരുചിയും ആവശ്യങ്ങളും കണക്കിലെടുത്താണ് ഈ ഉല്പന്നങ്ങളോരോന്നും അവതരിപ്പിച്ചത്.

ഉല്പന്നങ്ങളുടെ നിരന്തരമായ വൈവിധ്യവൽക്കരണവും, ഉല്പന്നങ്ങളുടെ തുടർച്ചയായ നിലവാരം വർദ്ധിപ്പിക്കുന്നതും മിൽമയ്ക്ക് വിപണിയിൽ മികച്ച പ്രതിഫലനം സൃഷ്ടിച്ചു. കേരളത്തിലെ എറ്റവും ജനപ്രീതി നേടിയ ബ്രാൻഡായി മിൽമ മാറിയിട്ടുണ്ട്. ധാരാളം നവാഗതർ വിപണിയിലെത്തുന്നുണ്ടെങ്കിലും മിൽമയുടെ സ്ഥാനം സ്ഥായിയായിത്തന്നെ തുടരുന്നു. നാൽപതു വർഷങ്ങൾക്കിപ്പുറവും **കേരളം കണികണ്ടുണരുന്ന നന്മ** മിൽമ തന്നെ.



മറ്റെല്ലാ കാർഷിക വിളകളും വിപണിയിൽ തകർച്ച നേരിട്ടപ്പോൾ ക്ഷീരമേഖല ഈ കാലഘട്ടത്തെ അതിജീവിച്ചു. കോവിഡ് മഹാമാരിയുടെ പ്രാരംഭഘട്ടം ക്ഷീരവ്യവസായത്തെയും പ്രതികൂലമായി ബാധിച്ചിരുന്നു. പാലിന്റെ സംഭരണത്തിലും വിതരണത്തിലും ബുദ്ധിമുട്ടുകളുണ്ടായി. കോവിഡ്-19 ന്റെ ഒന്നാം തരംഗത്തിനു ശേഷം പാൽ ഉൽപ്പാദനത്തിൽ വർദ്ധനവ് കൈവരിക്കുവാൻ സാധിച്ചു. അതിവേഗം സ്വയം പര്യാപ്തതയിലേക്ക് ചുവട് വെച്ച്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് മിൽമ. എന്നിരുന്നാലും സർക്കാരിന്റെ സമയോചിതമായ ഇടപെടലുകളും നമ്മുടെ ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥരുടെ സഹകരണവും അശ്രാന്ത പരിശ്രമവും കൊണ്ട് ഈ വെല്ലുവിളികളെ അതിജീവിച്ച് വിപണി വീണ്ടെടുക്കാൻ സാധിച്ചു.

വിപണിയിൽ കാലിത്തീറ്റയുടെ വില നിയന്ത്രിച്ച് നിർത്തുന്നതിൽ മിൽമ പ്രധാന പങ്കു വഹിക്കുന്നു. ക്ഷീരകർഷകർ അവർ സൊസൈറ്റികളിൽ അളക്കുന്ന പാലിന് കൃത്യമായ ഇടവേളകളിൽ ഗുണനിലവാരത്തിനനുസരിച്ചുള്ള പാൽ വില നൽകി വരുന്നു. രാജ്യത്തുടനീളമുള്ള കോവിഡ് പകർച്ചവ്യാധി അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെ കാര്യമായി ബാധിച്ചു. എന്നിരുന്നാലും ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥരുടെ ആത്മാർത്ഥമായ പരിശ്രമത്തിലൂടെയും ഗവൺമെന്റിന്റെ ഇടപെടലിലൂടെയും ഈ പ്രതിസന്ധികൾ എല്ലാം മറികടക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പല അവസരങ്ങളിലും മിൽമയുടെ ട്രാൻസ്പോർട്ടേഷൻ വാഹനങ്ങൾ തന്നെ അസംസ്കൃത വസ്തുക്കൾ വിതരണക്കാരുടെ ഗോഡൗണിൽ നിന്നും കൊണ്ടുവരുന്നതിന് ഉപയോഗിക്കേണ്ടി വന്നു. വർഷം മുഴുവൻ കാലിത്തീറ്റയുടെ ഗുണനിലവാരം മികച്ചരീതിയിൽ നിലനിർത്താൻ ഫെഡറേഷൻ വളരെയധികം ശ്രദ്ധിച്ചു. കോവിഡ് മഹാമാരിമൂലമുണ്ടായ പ്രതിസന്ധി കാലഘട്ടത്തിലും കാലിത്തീറ്റ ഫാക്ടറിയുടെ പ്രവർത്തനം ലാഭത്തിലായിരുന്നു.

ക്ഷീരകർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാൻ മിൽമ ശ്രമിക്കുന്നതിന്റെ ഭാഗമായി, ന്യായമായ നിരക്കിൽ സമീകൃത കാലിത്തീറ്റയും ധാതുലവണ മിശ്രിതവും നൽകി.

2020-21 വർഷം കാലിത്തീറ്റ വിൽപ്പനയിൽ ഇടിവുണ്ടായി. മിൽമകാലിത്തീറ്റ വാങ്ങുന്നതിന് തിരുവനന്തപുരം മേഖലായൂണിയൻ കർഷകർക്ക് സബ്സിഡിയായി 49.93 ലക്ഷം രൂപയും, മലബാർ മേഖലായൂണിയൻ 100.26 ലക്ഷം രൂപയും അനുവദിച്ചു. നടപ്പു വർഷം രണ്ട് കാലിത്തീറ്റ ഫാക്ടറികളും ലാഭത്തിലായിരുന്നതിനാൽ ഫെഡറേഷൻ 7,85,58,440 രൂപ കാലിത്തീറ്റ ഡിസ്കൗണ്ടായി നൽകി. കാലിത്തീറ്റയുടെ വിൽപ്പനയിൽ മുൻവർഷത്തെ അപേക്ഷിച്ച് 18.18% കുറവു രേഖപ്പെടുത്തി.

26.11.2020ന് മലബാർ മേഖലായൂണിയൻ ഹെഡ് ഓഫീസിൽ വച്ച് മിൽമ **ദേശീയ ക്ഷീരദിനം** ആഘോഷിച്ചു. ഡോ. വർഗ്ഗീസ് കുര്യന്റെ ജന്മശതാബ്ദി ആയതിനാൽ ഈ വർഷത്തെ ആഘോഷങ്ങൾക്ക് പ്രത്യേക പ്രാധാന്യമുണ്ടായിരുന്നു. ഇതിന്റെ ഉദ്ഘാടനം ബഹു. വനം-വന്യജീവി-മൃഗസംരക്ഷണം-ക്ഷീരവികസന വകുപ്പു മന്ത്രി അഡ്വ. കെ. രാജു ഓൺലൈൻ ആയി നിർവ്വഹിച്ചു. എംആർസിഎംപിയു ഹെഡ് ഓഫീസ് പരിസരത്ത് ഡോ. വർഗ്ഗീസ് കുര്യന്റെ അർദ്ധകായപ്രതിമ അദ്ദേഹത്തിന്റെ മകൾ ശ്രീമതി നിർമ്മല കുര്യൻ ഓൺലൈനിൽ അനാച്ഛാദനം ചെയ്തു.

അനുസ്മരണയോഗത്തിൽ ഡോ. വർഗ്ഗീസ് കുര്യന്റെ ശതാബ്ദി ലോഗോയുള്ള തപാൽ സ്റ്റാമ്പും പാൽ കവറും പ്രകാശനം ചെയ്തു. ടി ചടങ്ങിൽ ഡോ. വർഗ്ഗീസ് കുര്യന് ഭാരതരത്നം നൽകണമെന്നഭ്യർത്ഥിച്ച് കേരളത്തിലെ 3600 ഓളം ക്ഷീരസംഘങ്ങളിലെ കർഷകർ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയയ്ക്കുന്ന പ്രക്രിയ പ്രതീകാത്മകമായി ആരംഭിച്ചു. അന്ന് വൈകുന്നേരം 6 മണിക്ക് എല്ലാ ആപ്കോസ് സംഘങ്ങളിലെയും മേഖലാ യൂണിയനുകളിലെയും ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, കർഷകർ എന്നിവർ ഡോ. വർഗ്ഗീസ് കുര്യനോടുള്ള ആദരസൂചകമായി ദീപം തെളിയിച്ചു. കോവിഡ് മഹാമാരി മൂലമുള്ള പ്രതിസന്ധി നിലനിന്നിരുന്നതിനാൽ മികച്ച ക്ഷീരകർഷകനേയും മികച്ച ക്ഷീരസംഘത്തേയും തിരഞ്ഞെടുത്ത് അവാർഡ് നൽകുന്നതിനുള്ള പ്രക്രിയ നടത്തുവാൻ കഴിഞ്ഞില്ല.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മിൽമക്ക് മികച്ച ഉയരങ്ങളിലെത്താൻ സാധിച്ചു. സാമ്പത്തിക വർഷത്തിൽ ഉണ്ടായ ആകെ വിറ്റുവരവ് 438.29 കോടി ആയിരുന്നു. എന്നാൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2.08% കുറവാണ് മൊത്തവരുമാനത്തിൽ രേഖപ്പെടുത്തിയത്. രണ്ട് കാലിത്തീറ്റ ഫാക്ടറികളും റിപ്പോർട്ടിംഗ് വർഷത്തിൽ ലാഭത്തിലായിരുന്നു. അസംസ്കൃത വസ്തുക്കൾക്ക് ലഭിച്ച വില ആനുകൂല്യമാണ് ഇതിന് പ്രധാന കാരണം. 2020-21 സാമ്പത്തിക വർഷത്തിൽ കെസിഎംഎംഎഫിന്റെ ലാഭം (പ്രൊവിഷണൽ) 24.66 കോടി രൂപയായിരുന്നു.

2020-21 ൽ പാൽ സംഭരണം വർദ്ധിക്കുന്ന പ്രവണത കാണിച്ചു. മൂന്ന് മേഖലായൂണിയനുകളും ചേർന്ന് പ്രതിദിനം ശരാശരി 13,51,732 ലിറ്റർ പാൽ സംഭരിച്ചു. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 9.04 ശതമാനം കൂടുതലാണ്.

മിൽമയുടെ പ്രതിദിനശരാശരി പാൽ വില്പന 13,10,421 ലിറ്റർ ആയിരുന്നു. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1.42 ശതമാനം കുറവായിരുന്നു. കോവിഡ് രോഗവ്യാപനവും ലോക്ഡൗണും വന്നതിനാൽ റെസ്റ്റോറന്റുകളും കടകളും ഹോട്ടലുകളും അടച്ചത് കർഷകരുടെ പ്രാദേശിക വിൽപ്പനയെ ബാധിച്ചു. തൻമൂലം സംഭരണം വർദ്ധിക്കുന്നതിനും വിൽപ്പന കുറയുന്നതിനും ഇടയായി. ഈ വർഷവും വിപണി നില നിർത്തുന്നതിനുള്ള പാൽ ലഭ്യമാക്കുന്നതിന് അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നു. എന്നാലും മിൽമ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം അടുക്കുകയാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന പാലിന്റെ അളവ് ഗണ്യമായി കുറയുകയും മലബാറിൽ ലഭ്യമായ അധിക പാൽ കുറവുള്ള മറ്റ് പ്രാദേശിക യൂണിയനിലേക്ക് നൽകുകയും ചെയ്തു. വരും വർഷത്തിൽ പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഇത് സഹായിക്കും. ശരിയായ നിരീക്ഷണവും ആസൂത്രണവും ഉണ്ടായിരുന്നതിനാൽ വർഷത്തിൽ പാൽ വിതരണത്തിൽ തടസ്സമുണ്ടായില്ല. 2020–21 വർഷത്തെ മൂന്ന് മേഖലാ യൂണിയനുകളുടേയും ഫെഡറേഷന്റേയും ചേർന്നുള്ള വിറ്റുവരവ് 3387.98 കോടി രൂപയാണ്. ഇത് മുൻവർഷത്തെ അപേക്ഷിച്ച് 177.78 കോടി രൂപ കൂടുതലാണ്.

GEF-UNIDO-BEE എന്ന പദ്ധതിക്ക് കീഴിൽ ഡയറി ക്ലസ്റ്ററിൽ ഊർജ്ജ കാര്യക്ഷമതയും പുനരുപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നു. അതിന്റെ പ്രാരംഭ പ്രോഗ്രാമുകൾ പുരോഗമിക്കുന്നു. ഫെഡറേഷന് കീഴിൽ എറണാകുളത്തെ ഇടപ്പള്ളിയിൽ കേന്ദ്രീകൃത ലബോറട്ടറി സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ഓഫ് ഇന്ത്യ അംഗീകാരം നൽകി. ഫണ്ട് അനുവദിച്ചതോടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ, അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു.

നിലവിലെ വിപണി വെല്ലുവിളികൾ നേരിടുന്നതിനും മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പുതിയ ഇആർപി സംവിധാനം സ്വീകരിച്ചു. ഓപ്പൺ പ്ലാറ്റ്ഫോമിലെ ക്ലൗഡ് കമ്പ്യൂട്ടിംഗിനെ അടിസ്ഥാനമാക്കിയുള്ള ഒരു മൊബൈൽ അപ്ലിക്കേഷനും വെബ് അധിഷ്ഠിത വിവര റിപ്പോർട്ടുകളും അടുത്തിടെ അവതരിപ്പിച്ചു. ഇആർപി സമ്പ്രദായവും മാർക്കറ്റിംഗ് മൊഡ്യൂളും ഫിനാൻസ് മൊഡ്യൂളും മെച്ചപ്പെടുത്തുന്നതിനായി ഫെഡറേഷൻ തലത്തിൽ മേഖലായൂണിയനുകളുടെ ഐടി ഉദ്യോഗസ്ഥർക്കുള്ള പരിശീലനപരിപാടികൾ പുരോഗമിക്കുന്നു. ഇതോടൊപ്പം ഇ-ഓഫീസ് സംവിധാനവും പുരോഗമിക്കുന്നു.

ഫെഡറേഷൻ ചെയർമാൻ ശ്രീ. പി.എ. ബാലൻ മാസ്റ്റർ, എറണാകുളം മേഖലായൂണിയൻ ചെയർമാൻ ശ്രീ. ജോൺ തെരുവത്ത്, ശ്രീ. ഇ.എം. പെയ്ലി, ശ്രീ. കെ.കെ. ജോൺസൺ & ശ്രീമതി. ലിസി സേവ്യർ എന്നിവർ എറണാകുളം മേഖലയെ പ്രതിനിധീകരിച്ച് ഫെഡറേഷൻ ഭരണ സമിതിയിൽ തുടർന്നു. ശ്രീ. ഇ.എം. പെയ്ലി 28.09.2020 ന് മരണപ്പെട്ടതിനെത്തുടർന്ന്, ശ്രീ. ജോണി ജോസഫിനെ ഫെഡറേഷൻ ഭരണസമിതിയിലേക്ക് നാമനിർദേശം ചെയ്തു.

മലബാർ മേഖലായൂണിയൻ ചെയർമാൻ ശ്രീ. കെ.എസ്. മണി, ശ്രീ. പി. ശ്രീനിവാസൻ, ശ്രീ. പി.പി. നാരായണൻ & ശ്രീമതി കെ.കെ. അനിത എന്നിവർ മലബാർ മേഖല പ്രതിനിധികളായി ഫെഡറേഷൻ ഭരണ സമിതിയിൽ തുടർന്നു.


തിരുവനന്തപുരം മേഖലായൂണിയന്റെ ഭരണസമിതിയുടെ കാലാവധി കഴിഞ്ഞതിനെത്തുടർന്ന് മേഖലായൂണിയൻ ഭരണസമിതി പിരിച്ചുവിടുകയും തുടർന്ന് അഡ്മിനിസ്ട്രേറ്റർ യൂണിയന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. ക്ഷീരവികസന വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. വി.പി. സുരേഷ്കുമാർ തിരുവനന്തപുരം മേഖലായൂണിയന്റെ അഡ്മിനിസ്ട്രേറ്ററായി ചുമതലയേൽക്കുകയും ഫെഡറേഷൻ ഭരണസമിതിയിൽ അംഗമാവുകയും ചെയ്തു.

മിൽമയിലെ സർക്കാർ പ്രതിനിധിയായിരുന്ന ശ്രീ. രാജേഷ്കുമാർ സിംഗ്, ഐഎഎസ്-ന് (അഡീ. ചീഫ് സെക്രട്ടറി, കേരള സർക്കാർ), 2020 ഏപ്രിലിൽ സ്ഥലമാറ്റം ലഭിച്ചതിനെത്തുടർന്ന് 2020 മെയ് മാസം മുതൽ ശ്രീമതി ടിങ്കു ബിസ്വാൾ, ഐഎഎസ്, സെക്രട്ടറി, കേരള സർക്കാർ (എഎച്ച്&ഡിഡി), ആണ് ഫെഡറേഷൻ ഭരണസമിതിയിലെ സർക്കാർ പ്രതിനിധി.

ഫെഡറേഷൻ ഭരണസമിതി അംഗമായിരുന്ന ക്ഷീര വികസന വകുപ്പ് ഡയറക്ടർ എസ്. ശ്രീകുമാർ 31.05.2020 ന് വിരമിച്ചതിനെത്തുടർന്ന് ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശ്രീമതി മിനി രവീന്ദ്രദാസ് 2020 ജൂൺ മുതൽ ഫെഡറേഷൻ ഭരണസമിതി അംഗമാണ്.



| Table 1: Paid-up share capital of KCMMF | |
|---|---|
| **Unions** | **Rs. in lakhs** |
| Thiruvananthapuram Regional Co-operative Milk Producers' Union Ltd. (TRCMPU) | 338.77 |
| Ernakulam Regional Co-operative Milk Producers' Union Ltd. (ERCMPU) | 290.75 |
| Malabar Regional Co-operative Milk Producers' Union Ltd. (MRCMPU) | 362.41 |
| **TOTAL** | **991.93** |




## ആപ്കോസുകളുടെ എണ്ണം

31.03.2021 ലെ കണക്കു പ്രകാരം രജിസ്റ്റർ ചെയ്ത ആപ്കോസുകളുടെ എണ്ണം 3366 ആണ്. ഇവയിൽ നിലവിൽ പ്രവർത്തിക്കുന്നത് 3023 എണ്ണമാണ്. യൂണിയൻ അടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| Table 2: Number of registered & functional societies | | |
|---|---|---|
| **Unions** | **Registered** | **Functional** |
| TRCMPU | 1110 | 925 |
| ERCMPU | 1040 | 922 |
| MRCMPU | 1216 | 1176 |
| **Total** | **3366** | **3023** |

| Table 3: Number of farmers, pouring farmers and women farmers | | | |
|---|---|---|---|
| **Unions** | **No. of farmers** | **No. of pouring farmers** | **No. of women farmers** |
| TRCMPU | 327212 | 46427 | 88214 |
| ERCMPU | 300567 | 41230 | 47445 |
| MRCMPU | 368430 | 88728 | 113175 |
| **Total** | **996209** | **176385** | **248834** |

# 2020–2021 ലെ സ്ഥിതി വിവര കണക്കുകൾ

## പാൽ സംഭരണം

1. 2020–21ൽ പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തി. ശരാശരി പാൽ സംഭരണം പ്രതിദിനം 13,51,732 ലിറ്ററാണ്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 9.04% കൂടുതലാണ്. കഴിഞ്ഞ വർഷത്തെ പാൽ സംഭരണം 12,39,621 ലിറ്ററായിരുന്നു. തിരുവനന്തപുരം മേഖലയിൽ പ്രതിദിനം ശരാശരി 38,817 ലിറ്ററിന്റെ വർദ്ധനവും, എറണാകുളം മേഖലയിൽ പ്രതിദിനം ശരാശരി 25,360 ലിറ്ററും, മലബാർ മേഖലയിൽ പ്രതിദിന വർദ്ധനവ് ശരാശരി 47,934 ലിറ്ററുമായിരുന്നു.


പാലുല്പാദനത്തിൽ വർദ്ധനവുണ്ടാകാനുള്ള കാരണങ്ങൾ:

1. കോവിഡ് മഹാമാരി പ്രതിസന്ധിമൂലം ഹോട്ടലുകൾ, കടകൾ, റസ്റ്റോറന്റുകൾ എന്നിവ അടഞ്ഞു കിടന്നതിനാൽ കർഷകരുടെ പ്രാദേശിക വില്പന കുറയുകയും സംഘത്തിലെ പാൽ സംഭരണം വർദ്ധിക്കുകയും ചെയ്തു.

2. വിവിധ കേന്ദ്ര-സംസ്ഥാന ഫണ്ടുകളും സ്വന്തം ഫണ്ടുകളും ഉപയോഗപ്പെടുത്തി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചതിനാൽ.

**Table 4: Average milk procurement per day**

| Unions | 2019-20 | 2020-21 | % Diff. |
|---|---|---|---|
| TRCMPU | 3,12,538 | 3,51,355 | 12.42 |
| ERCMPU | 2,96,243 | 3,21,603 | 8.56 |
| MRCMPU | 6,30,840 | 6,78,774 | 7.60 |
| **Total** | **12,39,621** | **13,51,732** | **9.04** |







## പാൽ വിൽപന

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2020-21 ൽ പാൽ വിൽപന കുറയുന്ന സാഹചര്യമാണു ണ്ടായത്. ഈ വർഷത്തെ ഒരു ദിവസത്തെ ശരാശരി വിൽപന 13,10,421 ലിറ്ററായിരുന്നു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 18,984 ലിറ്റർ കുറവാണ്. കഴിഞ്ഞ വർഷത്തെ വിൽപന 13,29,405 ലിറ്ററായിരുന്നു. ഈ വർഷത്തെ വിൽപനയിലുള്ള കുറവ് 1.42% ആണ്. തിരുവനന്തപുരം മേഖലാ യൂണിയനിൽ പാലിന്റെ പ്രതിദിന വില്പനയിൽ 6,027 ലിറ്ററി ന്റെയും എറണാകുളം മേഖലാ യൂണിയനിൽ 1,292 ലിറ്ററിന്റെയും വർദ്ധനവുണ്ടായി.

എന്നാൽ മലബാർ മേഖലയിൽ പ്രതിദിന വില്പനയിൽ 26,303 ലിറ്ററിന്റെ കുറവുണ്ടായി. കോവിഡ് മഹാമാരി മൂലമുണ്ടായ അടച്ചിടൽ പ്രക്രിയ മൂലമാണ് ഈ കുറവുണ്ടായത്. കടകളും ഹോട്ടലുകളും ദീർഘനാൾ അടച്ചിട്ടത് നമ്മുടെ പാൽ വില്പനയെ ബാധിച്ചു. പാൽ സംഭരണത്തിലും പാൽ വിൽപനയ്ക്കും ഇടയിലുണ്ടായ അന്തരം പ്രധാനമായും കർണാടകം, തമിഴ്നാട് എന്നിവിടങ്ങളിലെ ഫെഡറേഷനുകളിൽ നിന്നും പാൽ വാങ്ങിയും പാൽപ്പൊടി (എസ്.എം.പി) വാങ്ങിയുമാണ് നികത്തിയത്.

**Table 5: Milk sales per day in litres**

| Unions | 2019-20 | 2020-21 | % Diff. |
|---|---|---|---|
| TRCMPU | 4,84,437 | 4,90,464 | 1.24 |
| ERCMPU | 3,39,798 | 3,41,090 | 0.38 |
| MRCMPU | 5,05,170 | 4,78,867 | -5.21 |
| **Total** | **13,29,405** | **13,10,421** | **-1.42** |




## പാൽ ഉൽപ്പന്നങ്ങൾ

ഫെഡറേഷനും മേഖലാ യൂണിയനുകളുടെ കീഴിലുള്ള യൂണിറ്റുകളും ചേർന്ന് മിൽമയുടെ ബ്രാൻഡിൽ ഉൽപാദിപ്പിച്ച വൈവിധ്യമാർന്ന പാൽ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നുണ്ട്. ഇപ്പോൾ മിൽമ യുടെ ഉൽപ്പന്നങ്ങൾ കേരളത്തിൽ മാത്രമല്ല വിദേശത്തും ലഭ്യമാണ്. മിൽമ നെയ്യ് ഗൾഫ് മേഖലയിലെ ഉപഭോക്താക്കൾ വരെ ലഭ്യമാക്കുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ പുതുമയും ഗുണമേന്മയും നഷ്ടപ്പെടാതെ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ വിപണിയിൽ എത്തിക്കുവാൻ സുസജ്ജവും വിപുലവുമായ വിതരണ ശൃംഖലയിലൂടെ മിൽമയ്ക്ക് കഴിയുന്നുണ്ട്. ഈ വർഷം പല പുതിയ ഉല്പന്നങ്ങളും മിൽമ വിപണി യിലിറക്കി. എന്നിരിക്കിലും കോവിഡ്

മഹാമാരിയുടെ വ്യാപനം മിക്ക ഉല്പന്നങ്ങളുടേയും വില്പനയെ ബാധിച്ചു. ഐസ്ക്രീം, സംഭാരം എന്നിവയായിരുന്നു ഏറ്റവും കൂടുതലായി ബാധിക്കപ്പെട്ടവ.

വിവിധ ഉൽപ്പന്നങ്ങളുടെ വിൽപന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## Table 6: Sales of milk products

### TRCMPU

| Products | 2019-20 | 2020-21 | % Diff. |
|---|---|---|---|
| GHEE (MT/Annum) | 1452.60 | 1602.39 | 10.31 |
| BUTTER (MT/Annum) | 665.30 | 139.476 | -79.04 |
| ICE-CREAM (Litres/Annum) | 765925 | 597904 | -21.94 |
| CURD (Kgs/Annum) | 6698761 | 7216031 | 7.72 |
| SAMBHARAM (Litres/Annum) | 395694 | 154113 | -61.05 |

### ERCMPU

| Products | 2019-20 | 2020-21 | % Diff. |
|---|---|---|---|
| GHEE (MT/Annum) | 1263.65 | 1471.37 | 16.44 |
| BUTTER (MT/Annum) | 93.79 | 99.648 | 6.05 |
| ICE-CREAM (Litres/Annum) | 904650 | 644766 | -28.73 |
| CURD (Kgs/Annum) | 6991321 | 6394800 | -8.53 |
| SAMBHARAM (Packets/Annum) | 1823364 | 963235 | -47.17 |

### MRCMPU

| Products | 2019-20 | 2020-21 | % Diff. |
|---|---|---|---|
| GHEE (MT/Annum) | 2441.87 | 2548.75 | 4.37 |
| BUTTER (MT/Annum) | 69.39 | 356.832 | 414.24 |
| ICE-CREAM (Litres/Annum) | 1274328 | 1020888 | -19.89 |
| CURD (Kgs/Annum) | 22144129 | 22062060 | -0.37 |
| SAMBHARAM (Packets/Annum) | 17381020 | 10530615 | -39.41 |
| MILMA PLUS (Bottles/Annum) | 1045099 | 1241352 | 18.78 |

### CPD

| Products | 2019-20 | 2020-21 | % Diff. |
|---|---|---|---|
| GHEE (MT/Annum) | 252 | 275.83 | 9.46 |
| MILMA PLUS (Bottles/Annum) | 1296073 | 1200531 | -7.37 |



# കേന്ദ്രാവിഷ്കൃത പദ്ധതികൾ

2012-ൽ കേന്ദ്ര ഗവൺമെന്റ് ദേശീയ ക്ഷീര പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതേ തുടർന്ന് കേന്ദ്ര ഗവൺമെന്റ് സമാന പദ്ധതികളെയെല്ലാം ഒരു കുടക്കീഴിലാക്കി കൊണ്ട് 2014-ൽ നടപ്പിലാക്കിയ നാഷണൽ പ്രോഗ്രാം ഫോർ ബൊവൈൻ ബ്രീഡിംഗ് & ഡയറി ഡവലപ്മെന്റ് (NPBBDD) പദ്ധതികളും മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്തന മേഖലയിൽ നടപ്പിലാക്കി എൻപിഡിഡി ക്വാളിറ്റി മിൽക്ക് പദ്ധതിക്ക് കീഴിൽ 17.35 കോടി രൂപ മുതൽ മുടക്കിൽ എറണാകുളം ഡയറിയിൽ ഒരു സെൻട്രൽ ലാബോറട്ടറി പണിയുന്നതിനും മിൽമ ഡയറികളിൽ എഫ്ടിഐആർ മിൽക്ക് അനലൈസറുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ നടന്നു വരുന്നു. മുൻകാലങ്ങളിലുണ്ടായ പ്രളയത്തിന്റെ ദുരിതാശ്വാസം നൽകുന്നത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. തുടർന്ന് കേന്ദ്രഗവൺമെന്റിലെ ഉദ്യോഗസ്ഥർ സംസ്ഥാനം സന്ദർശിക്കുകയും മിൽമയുടേയും സംസ്ഥാനസർക്കാരിലേയും ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുകയും ഇതനുസരിച്ച് സമർപ്പിച്ച നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും നിലവിലെ എൻപിഡിഡി/ആർകെവൈവൈ പദ്ധതികളുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് കേന്ദ്ര സഹായം നൽകുകയും ചെയ്തു. ഇത് ഉപയോഗിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. എൻപിഡിഡി വഴി മലബാറിലെ ഗ്രാമീണ മേഖലയിലെ ബിഎംസി കളുടെ ശീതീകരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

# മേഖലാ യൂണിയനുകളുടെ വിവിധ വികസന ക്ഷേമകാര്യ പ്രവർത്തനങ്ങൾ

പാലുൽപ്പാദനം വർദ്ധിപ്പിക്കുവാനും കർഷകരുടെ ക്ഷേമത്തിനും വേണ്ടി മേഖലാ യൂണിയനുകൾ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ച ധനസഹായവും ഇതിനായി വിനിയോഗിക്കുന്നുണ്ട്.



## തിരുവനന്തപുരം മേഖലാ യൂണിയൻ

### ക്ഷേമ പദ്ധതികളും, സഹായങ്ങളും (2020-21)

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ഇനത്തിൽ അംഗസംഘങ്ങൾക്കും, അംഗസംഘങ്ങളിലെ സജീവാംഗങ്ങൾക്കും ചുവടെ കാണിച്ചിട്ടുള്ള ഗ്രാന്റുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

1. കാലിത്തീറ്റ സബ്സിഡി - 49.93 ലക്ഷം രൂപ.
2. കന്നുകുട്ടി/കിടാരി ദത്തെടുക്കൽ പദ്ധതി പ്രകാരം നൽകിയ കാലിത്തീറ്റ - 320.39 ലക്ഷം രൂപ.
3. കറവപ്പശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി - 255.79 ലക്ഷം രൂപ (സഞ്ചിതതുക).
4. കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി - 32.46 ലക്ഷം രൂപ.

5. ക്ഷീര കർഷക മരണാനന്തര ധനസഹായം - 34.50 ലക്ഷം രൂപ.
6. ക്ഷീര കർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് - 4.06 ലക്ഷം രൂപ.
7. ക്ഷീര സംഘങ്ങൾക്കുള്ള കെട്ടിട ഗ്രാന്റ് - 0.75 ലക്ഷം രൂപ
8. വികേന്ദ്രികൃത മൃഗചികിത്സാ സംവിധാനം - 158.35 ലക്ഷം രൂപ
9. അംഗസംഘങ്ങൾക്കുള്ള ഇൻസെന്റീവ് (വിലവ്യത്യാസം) - 434.78 ലക്ഷം രൂപ
10. ക്ഷീര കർഷകർക്കുള്ള അപകട ഇൻഷുറൻസ് - 3.50 ലക്ഷം രൂപ
11. പ്രളയ ദുരിതാശ്വാസം - 7.70 ലക്ഷം രൂപ
12. കന്നുകാലികൾക്കുള്ള വേനൽക്കാല പരിചരണം - 105.09 ലക്ഷം രൂപ
13. കേന്ദ്ര ഗവൺമെന്റിന്റെ എൻപിഡിഡി പ്രളയദുരിതാശ്വാസ പദ്ധതിപ്രകാരം ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലേക്ക് മാർച്ച് 2021 വരെ 1046.14 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## അംഗസംഘങ്ങളിലെ ജീവനക്കാർക്കുള്ള ക്ഷേമപദ്ധതികൾ

1. സ്റ്റാഫ് ഇൻസെന്റീവ് - 65 ലക്ഷം രൂപ
2. കോവിഡ് ഇൻസെന്റീവ് - 20 ലക്ഷം രൂപ
3. മെഡിക്ലെയിം ഇൻഷുറൻസ് - 9.58 ലക്ഷം രൂപ
4. ക്ഷീരസാന്ത്വനം ഇൻഷുറൻസ് പ്രോജക്ട് - 39.48 ലക്ഷം രൂപ

## 2020-21 സാമ്പത്തിക വർഷത്തിലെ വികസനപ്രവർത്തനങ്ങൾ

1. പത്തനംതിട്ട ഡെയറിയിലെ ETP treated water പുനരുപയോഗം ചെയ്യുവാനായി 32 ലക്ഷം രൂപ ചെലവിൽ ആനുവൽ പ്ലാൻ 2020-21 ൽ ഉൾപ്പെടുത്തി Ultra Filtration Plant സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
2. 2.97 കോടി രൂപ മുതൽമുടക്കിൽ പത്തനംതിട്ട ഡെയറിയിലെ അഡ്മിനിസ്ട്രേറ്റിവ് block, HRD block, conference hall, Main store godown, Ghee processing hall, Lab, Tanker unloading bay, ബ്രിക്കറ്റ് godown, Milk cold storage എന്നിവയുടെ റിനവേഷൻ നടപ്പിലാക്കി.
3. പത്തനംതിട്ട ഡെയറിയിലെ പ്രോസ്സസിംഗ് കപ്പാസിറ്റി ഉയർത്തുന്നതിന്റെ ഭാഗമായി 33 ലക്ഷം രൂപ മുതൽമുടക്കി 10 KL പാസ്ചുറൈസർ സ്ഥാപിച്ചു.
4. പത്തനംതിട്ട ഡെയറിയിലെ റഫ്രിജറേഷൻ കപ്പാസിറ്റി 30 TR ആയി ഉയർത്താൻ വേണ്ട നടപടികൾ 96 ലക്ഷം രൂപ മുതൽമുടക്കിൽ നടന്നുവരുന്നു.
5. പത്തനംതിട്ട ഡെയറിയിൽ 1.8 ലക്ഷം മുതൽമുടക്കിൽ പുതിയ പനീർ പ്രസ്സ് സ്ഥാപിച്ചു.
6. 15.53 ലക്ഷം മുതൽമുടക്കിൽ പത്തനംതിട്ട ഡെയറിയിലെ ബോയിലറിന്റെ ചിമ്മിനി മാറ്റി സ്ഥാപിച്ചു.
7. 12.73 ലക്ഷം രൂപ മുതൽമുടക്കിൽ പത്തനംതിട്ട ഡെയറിയിൽ നെയ്യ് ക്ലാരിഫയർ സ്ഥാപിച്ചു.
8. പത്തനംതിട്ട ഡെയറിയിൽ 32.75 ലക്ഷം രൂപ മുതൽമുടക്കിൽ വെള്ളം ശുദ്ധീകരിക്കുന്നതിനുവേണ്ടി ഒരു അൽട്രാഫിൽട്രേഷൻ പ്ലാന്റ് സ്ഥാപിച്ചു.
9. കൊല്ലം ഡെയറിയിൽ 11.3 ലക്ഷം രൂപ മുതൽമുടക്കിൽ പുതിയ ട്രേ വാഷർ സ്ഥാപിച്ചു.
10. 40 ലക്ഷം രൂപ മുതൽമുടക്കിൽ കൊല്ലം ഡെയറിയിൽ പുതിയ തൈര് പ്രോസ്സസ്സിംഗ് പ്ലാൻറ് വാങ്ങുകയും ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയും ചെയ്യുന്നു.
11. കൊല്ലം ഡെയറിയിൽ 60 KL സൈലോ പ്രവർത്തനക്ഷമമാക്കുകയും അത് ഓട്ടോമേഷനിൽ ഉൾപ്പെടുത്തുകയും ചെയ്തു.
12. കൊല്ലം ഡെയറിയിൽ 12.73 ലക്ഷം രൂപ മുതൽമുടക്കിൽ പുതിയതായി ഒരു നെയ്യ് ക്ലാരിഫയർ സ്ഥാപിച്ചു.



13. കൊല്ലം ഡെയറിയിൽ 16.29 ലക്ഷം രൂപ മുതൽമുടക്കിൽ 2 സെറ്റ് സോളാർ പാനൽ സ്ഥാപിച്ചു.

14. 12 ലക്ഷം രൂപ മുതൽമുടക്കിൽ പുതിയ ട്രേ വാഷർ തിരുവനന്തപുരം ഡെയറിയിൽ സ്ഥാപിച്ചു.

15. 4.53 ലക്ഷം രൂപ മുതൽമുടക്കിൽ പുതിയ പനീർ വാറ്റ് തിരുവന്തപുരം ഡെയറിയിൽ സ്ഥാപിച്ചു.

16. എൻപിഡിഡി സ്കീമിൽ ഉൾപ്പെടുത്തി 1.85 കോടി രൂപ മുതൽമുടക്കിൽ തിരുവനന്തപുരം മേഖലയിൽ മൊത്തമായി 14 പുതിയ ബി.എം.സി.സികൾ സ്ഥാപിച്ചു.

17. തിരുവനന്തപുരം ഡെയറിൽ മണിക്കുറിൽ 700 ലിറ്റർ കപ്പാസിറ്റിയുള്ള കണ്ടിന്യൂസ്സ് ഐസ്ക്രീം ഫ്രീസർ 50 ലക്ഷം രൂപ മുതൽമുടക്കിൽ സ്ഥാപിച്ചു.

18. 31 ലക്ഷം രൂപ മുതൽമുടക്കിൽ തിരുവനന്തപുരം ഡെയറിയിൽ കൂടുതൽശേഷിയുള്ള ജനറേറ്റർ സ്ഥാപിച്ചു.

19. 7.5 ലക്ഷം രൂപ മുതൽമുടക്കിൽ ഹെഡ്ഡോഫീസിൽ (ക്ഷീരഭവൻ) പുതിയ ഡി.ജി സെറ്റ് സ്ഥാപിച്ചു.

## എറണാകുളം മേഖലാ യൂണിയൻ

### ക്ഷേമപദ്ധതികൾ

| Sl. No. | Scheme | No. of farmers / societies | Subsidy amount (Rs.) |
|---|---|---|---|
| 1 | Can subsidy | 11 | 48584 |
| 2 | Centrifuge subsidy | 3 | 7500 |
| 3 | Can conveyor subsidy | 10 | 200000 |
| 4 | Cow lift subsidy | 7 | 97374.05 |
| 5 | Milking machine subsidy | 138 | 3117424 |
| 6 | Rubber mat subsidy | 1212 | 1799250 |
| 7 | Cattle loan interest subsidy | 275 | 1005144 |
| 8 | Farm incentive to farms | 412 | 4632121 |
| 9 | Paddy straw subsidy | | 7472545 |
| 10 | Chaff cutter subsidy | 138 | 1376820 |
| 11 | Thermal scanner subsidy | 55 | 26785 |
| 12 | Sensor sanitizer subsidy | 165 | 159390 |
| 13 | MBRT incentive | | 678000 |
| 14 | SNF incentive | | 27000 |
| 15 | Milk value incentive | | 52706108.5 |
| 16 | Cattle feed for lumpy skin diseased animals | 1446 Bags | 1594938 |
| 17 | Covid incentive to farmers & APCOS staff | | 8994784 |

### കേന്ദ്ര-സംസ്ഥാന യൂണിയൻ ഫണ്ടുപയോഗിച്ച് ചെയ്ത പദ്ധതികൾ

1. 375 ലക്ഷം രൂപ മുതൽ മുടക്കി ഇടപ്പള്ളി ഡയറിയുടെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള എൻഡിഡിബിയുടെ ഡിഐഡിഎഫ് പദ്ധതിയിൽ 300 ലക്ഷം രൂപ ലോൺ ലഭിച്ചിട്ടുണ്ട്. ബാക്കി 75 ലക്ഷം രൂപ യൂണിയൻ ചെലവാക്കേണ്ടതാണ്. പദ്ധതി നടന്നു വരുന്നു.

2. 2019-21 കാലഘട്ടത്തിലേക്ക് അനുവദിച്ച പ്രളയ ദുരിതാശ്വാസ പദ്ധതിപ്രകാരം

1045.22 ലക്ഷം രൂപ ലഭിച്ചു കഴിഞ്ഞതിൽ 445.95 ലക്ഷം രൂപ 2020-21 കാലഘട്ടത്തിൽ ചെലവാക്കിയിട്ടുണ്ട്. പ്രളയകാലത്ത് തകർന്ന 67 സംഘങ്ങൾ പുതുക്കിപ്പണിയുന്നതിനും ജനറേറ്റർ സെറ്റുകൾ വാങ്ങുന്നതിനും മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, അലുമിനിയം ക്യാൻ, ഇലക്ട്രോണിക് മിൽക്കോ ടെസ്റ്റർ, റബർ മാറ്റുകൾ, അഡൽട്രേഷൻ കിറ്റുകൾ, കാലിഫോർണിയ മാസ്റ്റൈറ്റിസ് കിറ്റുകൾ, ട്രൈസോഡിയം സിട്രേറ്റ്, കംപ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനും, കാലികളേയും കന്നുകുട്ടികളേയും വാങ്ങുന്നതിനും, കന്നുകാലി ഇൻഷുറൻസിനും ഈ തുക ഉപയോഗിച്ചിട്ടുണ്ട്.

3. 220 ലക്ഷം രൂപ മുതൽമുടക്കിൽ എൻപിഡിഡി പദ്ധതിപ്രകാരം ബൾക്ക് മിൽക്ക് കൂളറുകളും മിൽക്ക് കളക്ഷൻ യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഇലക്ട്രിഫിക്കേഷൻ വർക്കിനുള്ള അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്.

4. എൻപിഡിഡിയുടെ ക്വാളിറ്റി മിൽക്ക് പദ്ധതിയിൻകീഴിൽ 1055 ലക്ഷം രൂപ മുതൽ മുടക്കിൽ ഇടപ്പള്ളി ഡയറിയിൽ സെൻട്രൽ ലബോറട്ടറി സ്ഥാപിക്കുന്നതിനും മിൽമ ഡയറികളിൽ എഫ്ടിഐആർ മിൽക്ക് അനലൈസറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതുവരെ 655 ലക്ഷം രൂപ ലഭ്യമാവുകയും ലാബിനുവേണ്ട ഉപകരണങ്ങളുടെ വാങ്ങൽ പ്രക്രിയ പൂർത്തിയായിട്ടുണ്ട്. ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## പട്ടിക വർഗ്ഗക്കാർക്ക് ഉപജീവന സഹായം

| Sl. No. | Scheme | No. of beneficiaries | Project outlay (Rs. in lakhs) | EIA share (Rs. in lakhs) | Amount disbursed (Rs. in lakhs) in 2020-21 |
|---|---|---|---|---|---|
| 1 | Kuttampuzha post project support | 25 | 23.65 | | 4.75 |
| 2 | Machiplavu ST project | 50 | 219.10 | 8.10 | 63.75 |
| 3 | Kolani ST project | 50 | 164.36 | 18 | 29.38 |

## 2021 –ൽ വിപണിയിലിറക്കിയ പുതിയ ഉല്പന്നങ്ങൾ

| Sl. No. | Item |
|---|---|
| 1 | Carrot peda - 18 g |
| 2 | Sugar free ice creams - 125ml |
| 3 | Instant roasted palada mix |
| 4 | Instant palpayasam mix |
| 5 | Instant vermicelli payasam mix |
| 6 | Instant tender coconut payasam mix |

## മലബാർ മേഖലാ യൂണിയൻ

1. മലബാറിലെ ഗ്രാമീണ മേഖലയിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി പാൽ തണുപ്പിക്കാനുള്ള ബൾക്ക് മിൽക്ക് കൂളറുകളിലൂടെ ശേഷി



ശക്തിപ്പെടുത്തുന്നതിനായി ഭാരത സർക്കാർ എൻപിഡിഡി പദ്ധതി പ്രകാരം അനുമതി നൽകിയിരുന്നു. മൊത്തം അടങ്കൽ തുക 341.00 ലക്ഷം രൂപയാണ്. ഇതിൽ കേന്ദ്രസർക്കാർ വിഹിതം 201.00 ലക്ഷംരൂപയും EIA വിഹിതം 140.00 ലക്ഷം രൂപയുമാണ്. പാലക്കാട് ജില്ലയിലെ പട്ടാമ്പി പ്രദേശത്ത് ചെറിയ ഡിസിഎസിൽ 500 എൽപിഡി ശേഷിയുള്ള തെർമൽ സ്റ്റോറേജ് ബിഎംസികൾ സ്ഥാപിക്കുന്നതിലൂടെ പാലിന്റെ മൈക്രോബയോളജിക്കൽ ഗുണനിലവാരം മെച്ചപ്പെടുത്തുകയെന്നതാണ് പ്രധാനമായും ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. 275.00 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം, 0.5 കെഎൽ, 1 കെഎൽ, 2 കെഎൽ, 3 കെഎൽ, 4 കെഎൽ, 5 കെഎൽ എന്നീ കപ്പാസിറ്റി കളുള്ള ബിഎംസി കൾക്കായി വാങ്ങുന്നതിനുള്ള ഓർഡർ പർച്ചേയ്സ് കമ്മിറ്റി മുൻപാകെ അവതരിപ്പിച്ചിട്ടുണ്ട്.

2. കേരള സഹകരണ പാൽ വിപണന ഫെഡറേഷന് സഹായം എന്ന പദ്ധതി പ്രകാരം മൂർക്കനാട് പാൽപൊടി ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള ഭരണപരമായ അനുമതി ആർഐഡിഎഫ് XXVI പ്രകാരമുള്ള ധനസഹായത്തിനായി സമഗ്രമായ നിർദ്ദേശം നബാർഡ് അംഗീകരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാന സർക്കാർ നൽകി. ഇതിന്റെ മൊത്തം പദ്ധതി ചെലവ് 53.93 കോടി രൂപയാണ്. ഇതിനു വേണ്ടി സ്റ്റേറ്റ് പ്ലാൻ ഫണ്ടു വഴി 15.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (2020-21 ലെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ 7.50 കോടി രൂപയും 2021-22 ൽ 7.50 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്) ആർഐഡിഎഫ് ഷെയറായി 32.72 കോടി രൂപയും മലബാർ മേഖലായൂണിയന്റെ ഷെയറായി 6.21 കോടി രൂപയും ഈ പദ്ധതിക്ക് പ്രയോജനപ്പെട്ടു. പുതുതായി സ്ഥാപിക്കുന്ന പാൽപ്പൊടി പ്ലാന്റ് ഒരു മികച്ച സംവിധാനമായി മാറ്റുന്നതിനുവേണ്ടി ഉയർന്ന പദവിയിലുള്ള ഉദ്യോഗസ്ഥരടങ്ങുന്ന ഒരു കോർ-കമ്മിറ്റിയും മേഖലായൂണിയനിലെ വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന ജൂനിയർ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സംഘവും രൂപീകരിച്ചിട്ടുണ്ട്.

07.03.2020 ലെ സംസ്ഥാന സർക്കാരിന്റെ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൻ കീഴിൽ പ്രളയബാധിത പ്രദേശങ്ങളിൽ ഫോഡർ ഹബ്ബ് സ്ഥാപിക്കുന്നതിന് ഭരണപരമായ അനുമതി നൽകി. 630.00 ലക്ഷം രൂപയാണ് മൊത്തം പദ്ധതി തുക. 540.00 ലക്ഷം രൂപയാണ് ഭാവിയിൽ പ്രളയബാധിത പ്രദേശങ്ങളായ വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ തീറ്റയുടെയും കാലിത്തീറ്റയുടെയും ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി മാറ്റിവെച്ചിരിക്കുന്നത്. ആദ്യ തവണയായി 300.00 ലക്ഷം രൂപ 31.03.2021 നുള്ളിൽ ഉപയോഗപ്പെടുത്തി.

3. എൻപിഡിഡി പദ്ധതിയിൻ കീഴിൽ ക്വാളിറ്റി മിൽക്ക് പ്രോഗ്രാം നടപ്പിലാക്കുന്നതിന് കേന്ദ്ര മത്സ്യബന്ധന മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രാലയം, സാമ്പത്തിക സഹായം അനുവദിച്ചു. ഈ പദ്ധതിയിൻകീഴിൽ എല്ലാ സംസ്ഥാനങ്ങൾക്കും സംസ്ഥാന കേന്ദ്ര ലബോറട്ടറി അനുവദിക്കുകയും എഫ്.ടി.ഐ.ആർ അടിസ്ഥാന മാക്കിയുള്ള പാൽ അനലൈസറുകൾ 1735.00 ലക്ഷം രൂപ ചെലവിൽ വാങ്ങുകയും ചെയ്തു. ഇതിൽ പാലക്കാട്, കോഴിക്കോട്, വയനാട്, കാസറഗോഡ് ജില്ലകൾക്കായി 4 എണ്ണം എഫ്ടിഐആർ അടിസ്ഥാനമാക്കിയുള്ള പാൽ അനലൈസർ വാങ്ങുന്നതിന് 340.00 ലക്ഷം രൂപ അനുവദിച്ചു. മെഷീനുകൾ ഇതിനകം തന്നെ ഡെയറികളിൽ സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യുകയും വിജയകരമായി നടപ്പാക്കുകയും ചെയ്തു.

4. എൻ പി ഡി ഡി വയനാട് പദ്ധതിയുടെ 99.98%വും 31.03.2021ൽ വിജയകരമായി പൂർത്തീകരിച്ചു.

5. എൻ പി ഡി ഡി പ്രളയാനന്തര പദ്ധതിയുടെ 96.45%വും 31.03.2021ൽ വിജയകരമായി പൂർത്തീകരിച്ചു.

## കർഷ ക്ഷേമ/സഹായ പദ്ധതികൾ

1. 2020-21 വർഷത്തിൽ കർഷകർക്ക് അധിക വിലയായി 10.45 കോടി രൂപ നൽകി.

2. 2020-21 കാലഘട്ടത്തിൽ കന്നുകാലി തീറ്റ സബ്സിഡിയായി കർഷകർക്ക് 100.26 ലക്ഷം രൂപ നൽകി.

3. 2020-21 വർഷത്തിൽ ചോളം വാങ്ങുന്നതിന് സബ്സിഡിയായി 109.73 ലക്ഷം രൂപയും, സൈലേജ് സബ്സിഡിയായി 92.68 ലക്ഷം രൂപയും, പച്ചപ്പുല്ല് വാങ്ങുന്നതിനുള്ള സബ്സിഡിയായി 59.77 ലക്ഷം രൂപയും കർഷകർക്ക് നൽകി.

4. ക്ഷീരവികസന വകുപ്പ് നടപ്പാക്കിയ സമഗ്ര ഇൻഷുറൻസ് പദ്ധതി മലബാർ മിൽക്ക് യൂണിയൻ നടപ്പിലാക്കുകയും ഇൻഷുറൻസ് പ്രീമിയമായി ഒരു കർഷകന് 600 രൂപ സഹായധനം നൽകുകയും ചെയ്യുന്നു. 2020-21 വർഷത്തിൽ 22 ലക്ഷം രൂപ ഈ ഇനത്തിൽ നൽകി.

5. 2020-21 കാലഘട്ടത്തിൽ മലബാർ യൂണിയൻ പ്രോത്സാഹിപ്പിച്ച മറ്റൊരു പദ്ധതിയാണ് ക്ഷീര സമശ്വാസം. സംഘത്തിലെ അംഗ കർഷകരുടെ ഗുരുതരമായ രോഗചികിത്സാ സഹായത്തിനായി 20,000 രൂപ അനുവദിക്കുന്ന പദ്ധതിയാണിത്. 2020-21 വർഷത്തിൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ നൽകി.

6. **മിൽമ ഭവനം പദ്ധതി:** ഈ പദ്ധതി പ്രകാരം പാവപ്പെട്ട കർഷകർക്ക് വീടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും വിധവകൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു. ഓരോ ജില്ലയ്ക്കും ഒരു ക്ഷീര ഭവനം പദ്ധതി വഴി ഒരു കർഷകന് 5,00,000 രൂപയുടെ ധനസഹായം നൽകി വരുന്നു. ഈ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് 30 ലക്ഷം രൂപയാണ്.

7. **റിവോൾവിംഗ് ഫണ്ട്:** ഈ സ്കീമിന്റെ കീഴിലുള്ള അംഗങ്ങൾക്ക് സംഘങ്ങൾ മുഖാന്തിരം പലിശ രഹിത റിവോൾവിംഗ് ഫണ്ടായി 2 ലക്ഷം രൂപ അനുവദിക്കുന്നു. പാവപ്പെട്ട കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനുവേണ്ടി 50,000 രൂപ വരെ പലിശ രഹിത വായ്പയായി നൽകി വരുന്നു. റിവോൾവിംഗ് ഫണ്ടായി അടച്ച തുക 36 പ്രതിമാസ തവണകളിലൂടെ സംഘത്തിൽ നിന്ന് ഈടാക്കും. ഇതിനായി ആകെ 2 കോടി രൂപ നീക്കിവച്ചിരിക്കുന്നു. 2020-21 കാലയളവിൽ 359 കർഷകരിലൂടെ 179.5 ലക്ഷം രൂപ നൽകി.

8. കർഷകരുടെ വെറ്റിനറി കെയർ ചെലവ് കുറയ്ക്കുന്നതിനും പാലിലെ ആന്റിബയോട്ടിക് അവശിഷ്ടങ്ങൾ നിയന്ത്രിക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ, മലബാർ മേഖലായൂണിയൻ 2015-16 മുതൽ എത്നോ വെറ്റിനറി മരുന്നുകൾ നൽകുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. നിലവിൽ രണ്ട് ഇവിഎം മരുന്നുകളുടെ നിർമ്മാണ യൂണിറ്റുകൾ കോഴിക്കോട്, വയനാട് ജില്ലകളിൽ പ്രവർത്തിക്കുന്നു. 2020-21 വർഷത്തിൽ 6169 കർഷകർക്ക് ഇവിഎം മരുന്നുകൾ വിതരണം ചെയ്തു.

9. ആറ് വികേന്ദ്രീകൃത വെറ്റിനറി യൂണിറ്റുകൾ വെറ്റിനറി സർവ്വീസ് കിട്ടുന്നതിന് ബുദ്ധിമുട്ടാണെന്ന് കണ്ടെത്തിയിട്ടുള്ള പ്രത്യേക പ്രദേശങ്ങളിലെ സംഘങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്നു. 2020-21 കാലഘട്ടത്തിൽ 8743 കേസുകളിൽ വികേന്ദ്രീകൃത വെറ്റിനറി യൂണിറ്റുകളുടെ സേവനം ഉപയോഗപ്പെടുത്തി.

10. **കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ:** -കർഷകർക്ക് സമയബന്ധിതവും ചെലവ് കുറഞ്ഞതുമായ കൃത്രിമ ബീജസങ്കലന സേവനം ഉറപ്പാക്കുന്നതിന്, ആറ് ജില്ലകളിലെ തെരഞ്ഞെടുത്ത സംഘങ്ങളിലായി 89 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ നിലവിലുണ്ട്. അത്തരം കേന്ദ്രങ്ങൾ സമീപസംഘങ്ങളിലെ എല്ലാ കർഷകർക്കും കൃത്രിമ ബീജസങ്കലന സേവനങ്ങൾ നൽകുന്നു. 2020-21 വർഷത്തിൽ 74535 സെമൻ ഡോസുകൾ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്യുകയും സെമൻ സ്ട്രോ 100% സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുകയും ചെയ്തു.

11. **എം സി പി പി പ്രോജക്ട്:** കർഷകരുടെ ഇടയിൽ മാസ്റ്റൈറ്റിസ് നിയന്ത്രണ നടപടികൾ, സിഎംടി ടെസ്റ്റ്, സബ് ക്ലിനിക്കൽ മാസ്റ്റൈറ്റിസ്, ആന്റിബയോട്ടിക് റെസിഡ്യൂസ്, ഇവിഎം തുടങ്ങിയവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള എൻഡിഡിബിയുടെ പദ്ധതിയാണ് മാസ്റ്റൈറ്റിസ് കൺട്രോൾ പ്രോഗ്രാം. വയനാട് ജില്ലയിലെ തിരഞ്ഞെടുത്ത 50 സൊസൈറ്റികളിൽ



എംസിപിപി പദ്ധതി നടപ്പാക്കുന്നു. ഈ പ്രോജക്ടിന് കീഴിൽ പ്രോജക്ട് ഷെഡ്യൂൾ അനുസരിച്ച് ആൻറിബയോട്ടിക് റെസി ഡ്യൂസ് പരിശോധനകൾ, അഫ്ലാടോക്സിൻ എം 1 റെസിഡ്യൂസ് പരിശോധനകളും സോമാറ്റിക് സെൽ എണ്ണമെടുക്കലും നടന്നു വരുന്നു.

12. **കാറ്റിൽ ഷെഡ് സബ്സിഡി:** കന്നു കാലികൾക്കുള്ള ഷെഡ് നിർമ്മാണത്തിന് സബ്സിഡിയായി എല്ലാ വർഷവും ഗണ്യമായ തുക വകയിരുത്തുന്നു. 2020-21 കാലഘട്ടത്തിൽ 58.44 ലക്ഷം രൂപ കർഷകർക്ക് നൽകി.

13. **ഫാം സപ്പോർട്ട്:** കാർഷിക ഉപകരണങ്ങളായ മിൽക്കിംഗ് മെഷീൻ, ചാഫ് കട്ടർ, ജെൻസെറ്റ്, സ്ലറി പമ്പ് എന്നിവയ്ക്ക് സംഘത്തിലൊഴിക്കുന്ന പാലിന്റെ അളവും കാലികളുടെ എണ്ണവും കണക്കാക്കി യൂണിയൻ കർഷകർക്ക് സബ്സിഡി നൽകുന്നുണ്ട്. ഫാം സപ്പോർട്ടിന് കീഴിലുള്ള ധന സഹായത്തിൽ ഇനി പ്പറയുന്നവയ്ക്കുള്ള സബ്സിഡി ഉൾപ്പെടുന്നു: പാൽ കറക്കുന്ന യന്ത്രങ്ങൾ, ചാഫ് കട്ടറുകൾ, പ്രഷർ വാഷറുകൾ, റബ്ബർ മാറ്റുകൾ, സ്ലറി പമ്പുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ, ജനറേറ്ററുകൾ തുടങ്ങിയ ഫാമുകളുടെ നവീകരണത്തിനുള്ള ഉപകരണങ്ങൾ.

ഫാം സപ്പോർട്ട് പദ്ധതിയിൽ അനുവദനീ യമായ പരമാവധി സബ്സിഡി തുക പ്രതിവർഷം ഒരു കർഷകന് 25000 രൂപ യായി പരിമിതപ്പെടുത്തിയിരിക്കുന്നു. 109 ബയോഗ്യാസ് പ്ലാന്റുകൾക്ക് നിർമ്മിക്കുന്നതിനായി 15,000 രൂപ വീതം സബ്സിഡി നൽകും. 2020-21 വർഷത്തിൽ 32.54 ലക്ഷം രൂപയാണ് ക്ഷീരകർഷകർക്ക് ഈ ഇനത്തിൽ നൽകിയ സഹായം

## FARM SUPPORT DURING THE YEAR 2020-21

### Claim Details

| Sl. No. | Item | Qty. | Subsidy rate | Subsidy amount (Rs.) |
|---|---|---|---|---|
| 1 | Rubber mat - subsidy | 353 | 750 | 2,64,750 |
| 2 | Milking machine | 66 | 15000 | 9,90,000 |
| 3 | Pressure washer | 63 | 2000 | 1,26,000 |
| 4 | Chaff cutter | 17 | 7000 | 1,19,000 |
| 5 | Genset | 3 | 10000 | 30,000 |
| 6 | Slurry pump | 18 | 5000 | 90,000 |
| 7 | Biogas | 109 | 15000 | 16,35,000 |
| **Total** | | | | **32,54,750** |

14. **ഹീഫർ ഡെവലപ്മെന്റ് പ്രോഗ്രാം (എച്ച്ഡിപി):** അത്യുല്പാദനശേഷിയുള്ള കാലികളിൽ നിന്നും നല്ല പശുക്കിടാ ങ്ങളെ വളർത്തിയെടുക്കുന്നതിനാണ് ഈ പദ്ധതി ഉപകരിക്കുന്നത്. ഇങ്ങനെ തിരഞ്ഞെടുത്ത പശുക്കിടാക്കൾക്ക് മൂന്ന് വർഷം വരെ ഫ്രീ-ഇൻഷുറൻസ് പരിരക്ഷ യൂണിയൻ നൽകുന്നു. തിരഞ്ഞെടുത്ത എല്ലാ പശുക്കിടാ ക്കൾക്കും 50 കിലോഗ്രാം കന്നുകാലി തീറ്റ, 500 ഗ്രാം മിനറൽ മിശ്രിതം, 125 മില്ലി മീനെണ്ണ എന്നിവ ഓരോ മാസവും 50% സബ്സിഡി നിരക്കിൽ മുഴുവൻ പദ്ധതി കാലയളവിലും ലഭിക്കും. 59 വില്ലേജ് റിസോഴ്സ് പേഴ്സണുകളുടെ (വി.ആർ.പി) സേവനം ഉപയോഗിച്ചാണ് പദ്ധതിയുടെ ഫീൽഡ് ലെവൽ നിരീക്ഷണം നടത്തുന്നത്. വിആർപികൾ എല്ലാ മാസവും തിരഞ്ഞെടുത്ത മൃഗങ്ങളെ സന്ദർശിക്കുകയും, സ്വന്ത മായി വികസിപ്പിച്ചെടുത്ത കാഫ് സോഫ്റ്റ് എന്ന് വിളിക്കുന്ന ഓൺലൈൻ സോഫ്റ്റ്വെയറിൽ പ്രസക്തമായ വിവര ങ്ങൾ രേഖപ്പെടുത്തുകയും ചെയ്യും. 2020-21 കാലഘട്ടത്തിൽ എച്ച്ഡിപി പദ്ധതിയിൽ 1200 പശുക്കുട്ടികളെ തിരഞ്ഞെടുത്തു.

15. **ഫോഡർ സപ്പോർട്ട് പദ്ധതി:**
ന്യായമായ വിലയ്ക്ക് നല്ല ഗുണനിലവാരമുള്ള തീറ്റവസ്തുക്കൾ ലഭിക്കുന്നത് പാലിന്റെ ഉൽപാദനച്ചെലവിനെ കാര്യമായി സ്വാധീനിക്കുന്നതാണ്. തീറ്റ വസ്തുക്കൾക്ക് മൂന്ന് തരത്തിലുള്ള സബ്സിഡി നൽകുന്നതിന് യൂണിയൻ കർഷകരെ സഹായിക്കുന്നു. 2020-21 വർഷത്തിൽ കർഷകർക്ക് തീറ്റവസ്തുക്കൾക്ക് സബ്സിഡി നൽകുന്നതിന് 3 കോടി രൂപ അനുവദിച്ചു.

a. **ഗ്രീൻ ഫോഡർ:** നല്ലയിനം പച്ചപ്പുല്ല് കൃഷി ചെയ്യുന്നതിന് കഴിവുള്ള സംരഭകരെ വളർത്തിയെടുക്കുന്നതിനും അവരിൽ നിന്നും തീറ്റ പുല്ല് സംഭരിച്ച് കർഷകർക്ക് ആവശ്യാനുസരണം നൽകുന്നതിനും വേണ്ട നടപടികൾ യൂണിയൻ സ്വീകരിച്ചിട്ടുണ്ട്. 2020-21 കാലയളവിൽ മൊത്തം 2988 മെട്രിക് ടൺ ഗ്രീൻ ഫോഡർ ഈ പദ്ധതി പ്രകാരം കർഷകർക്ക് വിതരണം ചെയ്തു. എല്ലാ കർഷകർക്കും ഗ്രീൻ ഫോഡർ വാങ്ങാൻ 1 കിലോക്ക് 1.7 രൂപാ നിരക്കിൽ സബ്സിഡി നൽകി.

b. **മെയ്സ് ഫോഡർ:** ഇളം ചോളം അടങ്ങിയ പച്ചച്ചോളം വളരെ പോഷകഗുണമുള്ള ഒരു തീറ്റ വസ്തുവാണ്. ഈ ഇനത്തിലുള്ള തീറ്റവസ്തുക്കൾ ഇ-ടെണ്ടർ പ്രക്രിയയിലൂടെ കണ്ടെത്തിയ വിതരണക്കാരിലൂടെ കർഷർക്ക് വിതരണം ചെയ്യുന്നുണ്ട്. 2020-21 കാലഘട്ടത്തിൽ മൊത്തം 5486 മെട്രിക് ടൺ ചോളം കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്തു. കിലോക്ക് 1.7 രൂപാ നിരക്കിൽ ഇതിന് വേണ്ടി കർഷകർക്ക് സബ്സിഡി നൽകി.

c. **മെയ്സ് സൈലേജ്:** പ്ലാസ്റ്റിക് ബാഗിൽ പൊതിഞ്ഞ് സൂക്ഷിക്കുന്നത് സൈലേജ് കേടാകാതിരിക്കുന്നതിനുള്ള നൂതന രീതിയാണ്. മേഖലായൂണിയൻ 40 കിലോ പ്ലാസ്റ്റിക് ബാഗുകളിൽ സൈലേജ് നിറച്ച് കർഷകർക്ക് നൽകുന്നതിന് ഇ-ടെണ്ടർ പ്രക്രിയയിലൂടെ വിതരണക്കാരെ കണ്ടെത്തിയിട്ടുണ്ട്. 2020-21 കാലയളവിൽ മൊത്തം 3707 മെട്രിക് ടൺ സൈലേജ് ഈ ഇനത്തിൽ കർഷകർക്ക് നൽകിയിട്ടുണ്ട്. മെയ്സ് സൈലേജ് കർഷകർക്ക് ലഭിക്കുന്നതിനു വേണ്ടി ഒരു കിലോക്ക് 2 രൂപാ നിരക്കിൽ എല്ലാ കർഷകർക്കും സബ്സിഡി നൽകി.

16. **ബിൽഡിംഗ് ഗ്രാന്റ് / ലാബ് / ക്വാളിറ്റി സപ്പോർട്ട്:** 2020-21 കാലഘട്ടത്തിൽ, ഗുണ നിലവാര പരിശോധന ലാബ് പണിയുന്നതിനുള്ള ധനസഹായം 20 സംഘങ്ങൾക്ക് താഴെപ്പറയുന്ന രീതിൽ നൽകി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| Sl. No. | Category | Maximum grant in Rs. | APCOS | Total (Rs.) |
|---|---|---|---|---|
| 1 | Lab Quality Support (New) | 200000 | 8 | 1600000 |
| 2 | Lab Quality Support (Ren) | 150000 | 6 | 808900 |
| 3 | Lab Quality Support - New/Revival of DCS Equipment Subsidy | 30000 | 6 | 146926 |
| | **Total** | | **20** | **2555826** |




17. 2020-21 കാലയളവിൽ 13 സംഘങ്ങൾക്ക് 60 ലക്ഷം രൂപ ഐഎസ്ഒ സംവിധാനം ഏർപ്പെടുത്തുന്നതിനായി വകയിരുത്തി. ഈ സംഘങ്ങൾക്കെല്ലാം തന്നെ ഐഎസ്ഒ സർട്ടിഫിക്കറ്റ് ലഭിച്ചു. മികച്ച പരിസരശുചിത്വം പാലിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ബൾക്ക് മിൽക്ക് കൂളറുകളുടെ സംഭരണ ശേഷി കണക്കാക്കി ഐഎസ്ഒ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള 50 സംഘങ്ങളിലെ ജീവനക്കാർക്ക് വാർഷിക സഹായം നൽകുകയുണ്ടായി. ഈ ഇനത്തിൽ ഐഎസ്ഒ നിലവാരമുള്ള 50 ബിഎംസികൾക്കായി 1065000 രൂപ വിതരണം ചെയ്തു.

18. 2020-21 കാലഘട്ടത്തിൽ 13 സംഘങ്ങളിൽ നിന്നുള്ള 272 കർഷകർക്ക് എംബിആർടി സപ്പോർട്ട് നൽകി. എംബിആർ സമയത്തിന്റെ മുൻഗണന അടിസ്ഥാനമാക്കി നല്ല ഗുണനില വാരമുള്ള പാൽ നൽകിയ കർഷകർക്ക് 500 രൂപ വീതം ഇൻസെന്റീവ് നൽകുകയുണ്ടായി.

19. 2020-21 വർഷത്തിൽ ക്ഷീരസംഘങ്ങളെ പ്രകൃതി ദുരന്തങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടി സ്റ്റാൻഡേർഡ് ഫയർ ആൻഡ് സ്പെഷ്യൽ പെറിൽസ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി. ഈ വകയിൽ 575 അംഗസംഘങ്ങൾക്ക് ഇൻഷുറൻസ് പ്രീമിയത്തിനായി 7,11,803 രൂപ ഒടുക്കി.

20. എൻപിഡിഡി IV പദ്ധതിപ്രകാരം യൂണിയന്റെ വിഹിതമായ 4.57 കോടി രൂപ ഉൾപ്പെടെ 18.72 കോടി രൂപ കർഷകരെ സഹായിക്കുന്നതിനായി അനുവദിച്ചതിൽ താഴെ പറയുന്ന പദ്ധതികൾക്കായി വിനിയോഗിച്ചു

- കാലികളുടെ വാങ്ങൽ
- കാലിത്തൊഴുത്ത് നവീകരണം
- ഫാം സപ്പോർട്ട് ഉപകരണങ്ങൾ
- ഡി സി എസ് സപ്പോർട്ട്
- ഫീഡ് സബ്സിഡി, കാലിത്തീറ്റ സബ്സിഡി
- ഡി സി എസ്-ഇ എസ് എം എസ്-സപ്പോർട്ട്
- സി എം പി കിറ്റുകൾ
- ഗുണനിലവാരമുള്ള പാൽ നൽകുന്നവരെ സഹായിക്കുക
- ഡിസിഎസിന്റെ ഡിജിററലൈസേഷൻ.



# കേരള ക്ഷീരവിപണന ഫെഡറേഷന്റെ കീഴിലുള്ള യൂണിറ്റുകൾ

## സെൻട്രൽ പ്രോഡക്ട്സ് ഡയറി, ആലപ്പുഴ (സി.പി.ഡി)

കെസിഎംഎംഎഫ് ലിമിറ്റഡ് നേരിട്ട് കൈകാര്യം ചെയ്യുന്ന ഒരേയൊരു ഡയറിയാണ് സെൻട്രൽ പ്രൊഡക്ട്സ് ഡയറി. പ്രതിദിനം 1 ലക്ഷം ലിറ്റർ പാലാണ് ഈ ഡയറിയുടെ സ്ഥാപിത ശേഷി. തൈര്, അഗ് മാർക്ക് നെയ്യ്, അണുവിമുക്തമാക്കിയ ഫ്ളേവേർഡ് മിൽക്ക് മാംഗോ ആർടിഎസ് എന്നിവ സിപിഡി ഉൽപാദിപ്പിക്കുന്നു. ടെട്ര പായ്ക്കിലെ ടോൺഡ് മിൽക്ക്, ടെട്ര പായ്ക്കിലെ മിൽമ മാംഗോ റിഫ്രെഷ്, ടെട്ര പായ്ക്കുകളിൽ ഫ്ളേവേർഡ് മിൽക്കും, മിൽക്ക് ഷെയ്ക്ക്, ക്യാനുകളിൽ ഫ്ളേവേർഡ് മിൽക്കും, പഴച്ചാറുകൾ, കുപ്പിയിലെ കുടിവെള്ളം എന്നിവയും സിപിഡി വിപണനം ചെയ്യുന്നു.

2020-21 ൽ തിരുവനന്തപുരം മേഖലാ യൂണിയൻ വഴി പ്രതിദിനം ശരാശരി 1,02,724 ലിറ്റർ പാൽ വിൽപ്പന നടത്തി, അതിൽ 98% ഹോമോജനൈസ്ഡ് ടോൺഡ് പാലും ബാക്കി ഡബിൾ ടോൺഡ് പാലും ആണ്. യൂണിറ്റ് അതിന്റെ ഐഎസ്ഒ സർട്ടിഫിക്കേഷൻ ഐഎസ്ഒ 9001: 2015, ഐഎസ്ഒ 22000: 2018 മാനേജ്മെൻറ് സിസ്റ്റം ഐആർക്യുഎസ് വഴി സാമ്പത്തിക വർഷത്തിൽ അപ്ഗ്രേഡുചെയ്തു.

കോവിഡ് -19 തോടുകൂടി 2020-21 വർഷം ആരംഭിച്ചു, പതിവ് ലോക്ക്ഡൗണും മറ്റ് നിയന്ത്രണങ്ങളും മിക്ക വ്യവസായങ്ങളെയും മോശമായി ബാധിച്ചു. ഇത് പാനീയ വിൽപ്പനയെ ബാധിച്ചിട്ടുണ്ടെങ്കിലും, 2020-21 വർഷത്തെ മൊത്തത്തിലുള്ള പ്രകടനം ശ്രദ്ധേയമായിരുന്നു. ഈ വർഷത്തെ സിപിഡിയുടെ വാർഷിക വിൽപന വിറ്റുവരവ് 190.96 കോടി രൂപയാണ്. ഇത് ഒരു സാമ്പത്തിക വർഷത്തിലെ എക്കാലത്തെയും ഉയർന്ന നിരക്കാണ്. ഫ്ളേവേർഡ് മിൽക്ക് വിഭാഗത്തിൽ ഗുഡ് ഹെൽത്ത് എന്ന ഒരു പുതിയ സീരീസ് ആരംഭിച്ചു, രണ്ട് ഉൽപ്പന്നങ്ങൾ, അതായത് ഇമ്മ്യൂൺ ബൂസ്റ്റർ, അശ്വഗന്ധയും സഫ്രോണും. 250 മില്ലി സാച്ചറ്റിൽ ബട്ടർ മിൽക്ക് 10.0 രൂപ എംആർപിയായി വീണ്ടും സമാരംഭിച്ചു. ഈ സാമ്പത്തിക വർഷത്തിൽ 10.0 രൂപ എംആർപി നിരക്കിൽ ചെറിയ പാക്കറ്റിലുള്ള ഡയറി വൈറ്റനർ വിപണിയിലിറക്കി.



## 2020–2021 ലെ പ്രധാന നേട്ടങ്ങൾ

1. സാമ്പത്തിക വർഷത്തിലെ മൊത്തം വിൽപ്പന വിറ്റുവരവ് 190.96 കോടി രൂപയാണ്, ഇത് എല്ലാ സാമ്പത്തിക വർഷത്തിലും എക്കാലത്തെയും ഉയർന്ന വിൽപ്പനയാണ്. കഴിഞ്ഞ വർഷം ആകെ വിൽപ്പന 171.62 കോടി രൂപയാണ്.
2. ഉൽപ്പന്ന വിൽപനയിൽ നിന്നുള്ള ആകെ വരുമാനം ഈ വർഷം 32.15 കോടി രൂപയാണ്. കഴിഞ്ഞ വർഷം ഇത് 27.93 കോടി രൂപയാണ്.
3. ഈ സാമ്പത്തിക വർഷത്തിൽ 10.55 കോടി രൂപയുടെ അറ്റാദായം സിപിഡി നേടിയിട്ടുണ്ട്. മുൻ സാമ്പത്തിക വർഷത്തിൽ ഇത് 8.73 കോടി രൂപയായിരുന്നു.
4. സി.പി.ഡി 3,68,08,647 ലിറ്റർ ഹോമോജനൈസ്ഡ് ടോൺഡ് പാലും 6,85,582 ലിറ്റർ ഡബിൾ ടോൺഡ് പാലും ഈ സാമ്പത്തിക വർഷം വിറ്റു. ഒരു സാമ്പത്തിക വർഷത്തിൽ എക്കാലത്തെയും ഉയർന്ന പാൽ വിൽപ്പനയാണിത്.
5. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് പാൽ വിൽപ്പനയിൽ 6.27 ശതമാനം വളർച്ച കൈവരിച്ചു. കോവിഡ്-19 സാഹചര്യങ്ങൾ കാരണം നിയന്ത്രണങ്ങൾ ഉണ്ടായിട്ടും ഇത് ശരിക്കും ശ്രദ്ധേയമായ വളർച്ചയായിരുന്നു.
6. സിപിഡി ഈ വർഷം 53,329 കിലോഗ്രാം സമൃദ്ധി നെയ്യും 2,22,504 കിലോഗ്രാം മിൽമ നെയ്യും വിറ്റു. മൊത്തത്തിലുള്ള വിൽപ്പന വളർച്ച 9.46%.
7. സിപിഡി 200 ഗ്രാം, 500 ഗ്രാം വലുപ്പമുള്ള റീട്ടെയിൽ പായ്ക്കറ്റുകളിൽ ഡയറി വൈറ്റനർ വിൽക്കുന്നു. ഈ വർഷം 10.0 രൂപ എംആർപി വിലയുള്ള 20 ഗ്രാം പൗച്ചുകൾ അവതരിപ്പിച്ചു. കേരളത്തിലുടനീളം ഉൽപ്പന്നത്തിന് നല്ല ഡിമാൻഡുണ്ട്, സപ്ലൈകോയാണ് പ്രധാനമായും ഇത് വാങ്ങിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ ഡയറി വൈറ്റനർ വിൽപ്പന 1,26,081 കിലോഗ്രാം ആയിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഈ ഉൽപ്പന്നത്തിന് 53.26% വളർച്ച കൈവരിക്കാനായി.
8. സിപിഡി ഔട്ട്സോഴ്സ് ചെയ്ത കുപ്പിയിൽ നിറച്ച കുടിവെള്ള വിൽപ്പന 44,915 കേസുകളാണ്. ഇതിന്റെ വളർച്ചാ നിരക്ക് 40.76% ആണ്.
9. സിപിഡി (1 ലിറ്റർ, 500 മില്ലി, 250 മില്ലി) എന്നീ അളവുകളിൽ തയ്യാറാക്കിയ മാമ്പഴം ജ്യൂസ് ഈ വർഷം 82,091 ലിറ്റർ വിൽപ്പന നേടുകയും ചെയ്തു.
10. സിപിഡി സ്കിം മിൽക്ക് തൈര് നിർമ്മിക്കുകയും, തിരുവനന്തപുരം യൂണിയൻ വഴി 13,15,459 കിലോഗ്രാം ഈ സാമ്പത്തിക വർഷത്തിൽ വിറ്റു.

    മിൽമ പ്ലസ് ഗ്ലാസ്, പിപി കുപ്പികളിലുള്ള വിൽപ്പന 12,00,531 കുപ്പികളായിരുന്നു. മിൽമ പ്ലസ് ഫ്ളേവേർഡ് മിൽക്ക് 9 വേരിയന്റുകളിൽ ഉത്പാദിപ്പിക്കുന്നു. അതായത് ചോക്ലേറ്റ്, ഏലം, പിസ്ത, മാമ്പഴം, സ്ട്രോബറി, കോഫി, പൈനാപ്പിൾ, ബദാം, റോസ് എന്നിവയാണ്..

11. ഈ സാമ്പത്തിക വർഷത്തിൽ 180 മില്ലി ക്യാനുകളിലുള്ള മിൽമ ഫ്ളേവേർഡ് മിൽക്കിന്റെ വിൽപ്പന 2,90,928 ക്യാനുകളും 240 മില്ലി ക്യാനുകളിലുള്ള മിൽമ ഫ്രൂട്ട് ജ്യൂസിന്റെ വിൽപ്പന 11,850 ഉം ആണ്.
13. നല്ല ആരോഗ്യത്തിനായി പ്രകൃതിദത്ത വസ്തുക്കൾ ചേർത്ത ഫ്ളേവേർഡ് മിൽക്ക് അവതരിപ്പിച്ചിട്ടുണ്ട്. അതിൽ ഒന്ന്, മഞ്ഞൾ, തുളസി, കുരുമുളക്, ഇഞ്ചി, കറുവപ്പട്ട എന്നിവ സംയോജിപ്പിച്ച് രോഗപ്രതിരോധ ബൂസ്റ്റർ, മറ്റൊന്ന് അശ്വഗന്ധത്തിന്റെയും സഫ്രോണിന്റെയും സംയോജനമാണ്.
14. സാമ്പത്തിക വർഷത്തിൽ മിൽമ മാംഗോ റിഫ്രഷ് 200 മില്ലി ടെട്രാ പായ്ക്കിന്റെ വിൽപ്പന 27,694 ട്രേകളാണ്.

## SALE OF MILK AND OTHER PRODUCTS FROM CPD

| Product | Unit of measurement | 2019-20 | 2020-21 | % growth |
|---|---|---|---|---|
| Milk (DTM & HTM) TRCMPU | Litres/Day | 96,659 | 1,02,724 | 6.27% |
| Milma & Samrudhi Ghee | MT | 252 | 275.83 | 9.46% |
| Curd | Kg | 13,72,227 | 13,15,459 | -4.14% |
| Dairy Whitener | Kg | 82,265 | 1,26,081 | 53.26% |
| Mango Juice (refresh) | Trays | 31,747 | 27,694 | -12.77% |
| Milma Plus | Bottles | 12,96,073 | 12,00,531 | -7.37% |
| Packaged Drinking Water | Cartons | 31,909 | 44,915 | 40.76% |
| Sambharam 250ml | No | - | 50,088 | |
| Mango Juice in Pet Bottles | Litres | 1,27,555 | 82,091 | -35.64% |
| Fruit Juice 240ml Can | No | 15,651 | 11,850 | -24.29% |
| Flavoured Milk (Badam & Chocolate) in Cans | No | 3,40,104 | 2,90,928 | -14.46% |

## 2020–2021 വർഷത്തിലെ പ്രോജക്റ്റ് & വിപുലീകരണ പ്രവർത്തനങ്ങൾ

2020–2021 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്റ്റ് & വിപുലീകരണ പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. നവീകരണത്തിന്റെയും സാങ്കേതിക അപ്ഗ്രേഡേഷന്റെയും ഭാഗമായി 42 ടിആറിന്റെ 454 എക്സ് എൽ ആക്സസറികളുള്ള രണ്ട് പുതിയ ഫ്രിക് ഹൈ സ്പീഡ് അമോണിയ കംപ്രസ്സറുകൾ ഈ വർഷം കേന്ദ്രസർക്കാരിന്റെ സഹായത്തോടെ 88.15 ലക്ഷം രൂപ ചെലവിൽ കമ്മീഷൻ ചെയ്തു. ഇത് ശീതീകരണ കാര്യക്ഷമത മെച്ചപ്പെടുത്തുകയും ഊർജ്ജ ഉപഭോഗം ഗണ്യമായി കുറയ്ക്കുകയും ചെയ്യും.
2. വിവിധ മെക്കാനിക്കൽ ഫാബ്രിക്കേഷൻ ജോലികൾ, പാൽ പാസ്ചറൈസർ, തൈര് പാസ്ചറൈസർ, ക്രീം സെപ്പറേറ്റർ, നെയ്യ് ക്ലാരിഫയർ, നെയ്യ് സംഭരണ ടാങ്ക് തുടങ്ങിയ യന്ത്രങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻസുലേഷൻ ജോലികൾ പൂർത്തിയായി.

   അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിലെ മിനി കോൺഫറൻസ് ഹാളിന്റെ നവീകരണം പൂർത്തിയായി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഒന്നാം നിലയിലെ കോൺഫറൻസ് ഹാൾ ജിപ്സം സീലിംഗ് നവീകരിച്ചു, പഴയ വയറിംഗിന് പകരം പുതിയ ഇലക്ട്രിക്കൽ വയറിംഗും എൽഇഡി ലൈറ്റുകളും നൽകി.
3. വെള്ളശുദ്ധീകരണ പ്ലാന്റിൽ പുതിയ ടാങ്ക് സ്ഥാപിക്കുകയും ഫിൽറ്ററേഷൻ പ്ലാന്റിൽ മഴവെള്ളം വീണ് പ്ലാന്റും മറ്റുപകരണങ്ങളും കേടാവാതിരിക്കുന്നതിനുള്ള സംവിധാന മേർപ്പെടുത്തി.
4. പാൽ പൈപ്പ്ലൈനുകളിലെ അനാവശ്യ കൂട്ടിചേർക്കലുകൾ നീക്കം ചെയ്യുകയും പകരം വെൽഡിംഗ് ഫിറ്റിംഗുകൾ സ്ഥാപിക്കുകയും ചെയ്തു. ഇത് പൈപ്പ്ലൈനുകളുടെ വൃത്തിയാക്കൽ കാര്യക്ഷമത വർദ്ധിപ്പിക്കുകയും പാലിന്റെ മൈക്രോബയോളജിക്കൽ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യും.
5. 350 എൽപിഡി ശേഷിയുള്ള പുതിയ സോളാർ വാട്ടർ ഹീറ്റർ കാന്റീനിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ കോവിഡ് -19 പാൻഡെമിക് കാലഘട്ടത്തിൽ കാന്റീനിൽ ഉപയോഗിക്കുന്ന പാത്രങ്ങളുടെ ശുചിത്വവും ശുചിത്വ അവസ്ഥയും ഇത് വർദ്ധിപ്പിക്കും



6. നിലവിലുള്ള CCTV പഴകിയതിനാൽ അത് കാലാനുസൃതമായി നവീകരിക്കുകയും പ്ലാന്റിലും പരിസരത്തും നടക്കുന്ന പരിപാടികൾ വീക്ഷിക്കുകയും ചെയ്യുന്നുണ്ട്.
7. പ്ലാന്റിൽ നിലവിലുണ്ടായിരുന്ന ഇലക്ട്രിക്കൽ വയറിംഗ് പഴകിയതാകയാൽ കെഎ സ്ഇബിയുമായി ബന്ധപ്പെട്ട് തകരാറിലായ കെഎസ്ഇബിയുടെ സംവിധാനങ്ങളും കൺട്രോൾ പാനലും നവീകരിക്കുക വഴി മാക്സിമം ഡിമാന്റ് 650 KVA യിൽനിന്നും 400 KVA ആയികുറയ്ക്കുകയും ചെയ്തു.
8. എഞ്ചിനീയറിംഗ് സ്റ്റോറിന്റെ മേൽക്കൂരയിൽ എയർടർബൈനുകൾ സ്ഥാപിക്കുന്നത് പൂർത്തിയായി.
9. ഡയറി പ്ലാന്റുകളിൽ ഉപയോഗിക്കുന്ന മോട്ടോറുകൾ വളരെ പഴയതും വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്നതുമാണ്. വിവിധ ഉപകരണങ്ങൾക്കായി ഊർജ്ജ കാര്യക്ഷമമായ ഐ ഇ 3 മോട്ടോറുകൾ ഞങ്ങൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.
10. പാൽ സംസ്കരണ താപനില, കോൾഡ് സ്റ്റോറേജ് താപനില എന്നിവ തുടർച്ചയായി നിരീക്ഷിക്കുന്നതിനായി ക്യുസി ലാബിൽ പുതിയ ഡാറ്റ ലോഗർ സ്ഥാപിച്ചു.

## 2020-2021 ലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

2020-21ൽ, ഉൽപ്പന്നങ്ങളുടെയും സിസ്റ്റങ്ങളുടെയും ഗുണനിലവാരം ഉയർത്തുന്നതിനും പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനുമായി ധാരാളം പ്രവർത്തനങ്ങൾ നടത്തി. പ്രധാന നേട്ടങ്ങൾ ചുവടെ ചെയ്തിരിക്കുന്നു.

11. ഈ വർഷം ഗുണനിലവാര നിയന്ത്രണ ലബോറട്ടറിയിൽ ഇൻഡിഫോസിൽ നിന്ന് എഫ്ടിആർ മിൽക്ക് അനലൈസർ ഇൻസ്റ്റാൾ ചെയ്തു. നാഷണൽ പ്രോഗ്രാം ഫോർ ഡയറി ഡവലപ്മെന്റിന്റെ (എൻപിഡിഡി) കീഴിൽ 82 ലക്ഷം രൂപ വിലവരുന്ന യന്ത്രത്തിന് കേന്ദ്രസർക്കാർ ധനസഹായം നൽകി. അസംസ്കൃത പാൽ സാമ്പിളുകൾ വേഗത്തിൽ വിശകലനം ചെയ്യുന്നതിനാണ് ഉപകരണങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. എഫ് ടി ഐ ആർ സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്കരിച്ച പാൽ സാമ്പിളുകൾ പാൽ പരിശോധനയ്ക്ക് 90 സെക്കൻഡ് മാത്രമേ എടുക്കൂ. ഈ യന്ത്രം ഉപയോഗിച്ച് പാലിൽ ചേർത്തിട്ടുള്ള 14 തരം മായം ചേർക്കലുകൾ ഒരൊറ്റ പരിശോധനയിൽ കണ്ടുപിടിക്കാൻ കഴിയും. ഉയർന്ന കൃത്യതയോടും കുറഞ്ഞ സമയത്തോടും കൂടി ഈ യന്ത്രം വഴി നമുക്ക് പാലിന്റെ ഗുണനിലവാരം ഉറപ്പാക്കാനും മെച്ചപ്പെടുത്താനും കഴിയും.
12. എൻഎബിസിബി അംഗീകരിച്ചിട്ടുള്ള സർട്ടിഫിക്കേഷൻ ഏജൻസിയായ IRQSൽ നിന്നുള്ള ISO 22000: 2018 സർട്ടിഫിക്കേഷൻ അനുശാസിക്കുന്ന ഡയറി ഗുണനിലവാര മാനദണ്ഡങ്ങൾ അപ്ഗ്രേഡുചെയ്തു. ഡയറിയിലെ ഭക്ഷ്യ സുരക്ഷാ മാനേജ്മെൻറ് സംവിധാനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ വർദ്ധിപ്പിക്കുന്നതിലെ ഒരു പ്രധാന നാഴികക്കല്ലാണ് ഇത്.
13. ISO: 9001: 2015 ന്റെ പുതുക്കൽ ഓഡിറ്റും വിജയകരമായി പൂർത്തിയായി. എൻഎബിസിബി അംഗീകൃത സർട്ടിഫിക്കേഷൻ ബോഡിയായ ഐആർക്യുഎസാണ് ഓഡിറ്റും സർട്ടിഫിക്കേഷനും നടത്തിയത്
14. എഫ്എസ്എസ്എഐ അവതരിപ്പിച്ച പരിഷ്കരിച്ച പരീക്ഷണ പദ്ധതിക്ക് അനുസൃതമായി ക്യുസി ലബോറട്ടറിയിൽ പുതിയ മൈക്രോബയോളജിക്കൽ, കെമിക്കൽ ടെസ്റ്റുകൾ ആരംഭിച്ചു. മായം ചേർക്കൽ, ആന്റിബയോട്ടിക് അവശിഷ്ടങ്ങൾ, അനുബന്ധ പാരാമീറ്ററുകൾ എന്നിവയുടെ പതിവ് പരിശോധന ഇതിൽ ഉൾപ്പെടുന്നു
15. പ്രകൃതി ചേരുവകൾ ചേർന്ന ഫ്ളേവേർഡ് മിൽക്ക് ഈ വർഷം അവതരിപ്പിച്ചു. മഞ്ഞൾ, ഇഞ്ചി, കുരുമുളക്, തുളസി, കറുവപ്പട്ട തുടങ്ങിയ ഇമ്യൂൺ ബൂസ്റ്റിംഗ് ചേരുവകളുള്ള പാൽ ഇതിൽ ഉൾപ്പെടുന്നു, ഉൽപ്പന്നത്തിന് ഇമ്മ്യൂൺ ബൂസ്റ്റർ എന്നാണ് പേര്. നാച്ചുറൽ

അശ്വഗന്ധ, കുങ്കുമം എന്നിവയുള്ള മറ്റൊരു ഉൽപ്പന്നവും അവതരിപ്പിച്ചു. ഇവ രണ്ടും പ്രീമിയം സെഗ്മെന്റിൽ ഗുഡ് ഹെൽത്ത് സീരീസ് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതും ഉപഭോക്താക്കളിൽ നിന്ന് നല്ല ഡിമാൻഡ് ഉള്ളതായും മനസ്സിലാക്കുന്നു.

16. മേഖലായൂണിയനുമായി ബന്ധപ്പെട്ട് സംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിഎംസികൾക്ക് ISO സർട്ടിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി നൽകുകയും അത് ലഭിക്കുന്ന പാലിന്റെ മൊത്തം ഗുണനിലവാരം ഉയർത്തുന്നതിന് സഹായമാകുകയും ചെയ്തു.
17. കോൾഡ് സ്റ്റോർ, പാസ്ചറൈസർ, സൈലോ താപനില എന്നിവ നിരീക്ഷിക്കുന്നതിനും റെക്കോർഡു ചെയ്യുന്നതിനും പുതിയ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.
18. ഡയറിയിൽ കോവിഡ് -19 ന്റെ വ്യാപനം പരിശോധിക്കുന്നതിന് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നു. സാമൂഹിക അകലം, ജീവനക്കാർക്ക് മാസ്ക്, കയ്യുറകൾ, സാനിറ്റൈസർ തുടങ്ങിയവ നൽകുന്നുണ്ട്. ഡയറിയിലേക്ക് വരുന്ന വാഹനങ്ങളും പരിസരവും പതിവായി അണുവിമുക്തമാക്കുന്നുണ്ട്, ജീവനക്കാർക്കുള്ള കുത്തിവയ്പ്പ് പരിപാടി നടന്നുവരുന്നു.

## കാലിത്തീറ്റ ഫാക്ടറികൾ

കേരളത്തിലെ ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന അസംഖ്യം കർഷകർക്ക് മിൽമ വിവിധ തരത്തിലുള്ള ഉൽപാദനോപാധികൾ നൽകി വരുന്നുണ്ട്. സമീകൃത കാലിത്തീറ്റ ഇങ്ങനെയുള്ള ഉൽപാദനോപാധികളിൽ മുഖ്യസ്ഥാനം വഹിക്കുന്നു. കേരളത്തിലെ ക്ഷീര കർഷകരുടെ ആവശ്യം മിൽമ നിറവേറ്റുന്നത് പട്ടണക്കാടും മലമ്പുഴയിലും സ്ഥാപിച്ചിരിക്കുന്ന കാലിത്തീറ്റ ഫാക്ടറികൾ വഴിയാണ്. ഈ രണ്ടു പ്ലാന്റിനും കൂടി പ്രതിദിനം 650 MT കാലിത്തീറ്റ ഉൽപാദനശേഷിയുണ്ട്. ഈ രണ്ടു പ്ലാന്റുകളിൽ നിന്നും മിൽമ ഗോമതി റിച്ച് കാലിത്തീറ്റയും ഗോമതി പ്ലസ് പെല്ലറ്റ് കാലിത്തീറ്റയും ഉൽപാദിപ്പിക്കുന്നു. 2014-ൽ അത്യുല്പാദനശേഷിയുള്ള പശുക്കൾക്കായി മിൽമ ഗോമതി ഗോൾഡ് എന്ന കാലിത്തീറ്റ വിപണിയിൽ ഇറക്കുകയുണ്ടായി. ഇതിന് വിപണിയിൽ നല്ല പ്രചാരം ലഭിച്ചിട്ടുണ്ട്. ഗവൺമെന്റ് പദ്ധതികളിലൂടെ വിതരണം ചെയ്യുന്നതിനു വേണ്ടിയാണ് ഗോമതി പ്ലസ് പെല്ലറ്റ് തീറ്റ ഉത്പാദിപ്പിക്കുന്നത്. കൂടുതൽ ഉല്പാദനശേഷിയുള്ള പശുക്കൾക്ക് വേണ്ടിയുള്ള പുതിയ ഇനമായ മിൽമ ബൈപ്രോ കാലിത്തീറ്റയും ഇപ്പോൾ വിപണിയിലുണ്ട്. കർശനമായ ഗുണനിലവാര പ്രവർത്തനങ്ങൾ സ്വീകരിക്കുന്നത് വഴിയും ഉൽപാദന പ്രക്രിയ തുടർച്ചയായി നിരീക്ഷിക്കുന്നതുവഴിയും കാലിത്തീറ്റ ഫാക്ടറികൾക്ക് വർഷം മുഴുവനും നല്ല ഗുണനിലവാരം പാലിക്കുന്നതിന് സാധിച്ചിട്ടുണ്ട്. മിൽമ ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റയുടെ 70%വും പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലൂടെയും ബാക്കി ഡീലർമാർ, മൃഗസംരക്ഷണ മേഖലയിലെ വിവിധ സർക്കാർ പദ്ധതികൾ എന്നിവ വഴിയുമാണ് വിതരണം ചെയ്യുന്നത്. സമീകൃത കാലിത്തീറ്റയുടെ വിപണിയിൽ ഒരു മുഖ്യ സ്ഥാനം മിൽമയ്ക്കുണ്ട്.

കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഉല്പാദനത്തിന്റെ കണക്കനുസരിച്ച് 10 ദിവസത്തിലൊരിക്കൽ പ്ലാന്റുകളിൽ നിന്നും ഹെഡ് ഓഫീസിലെ പർച്ചേയ്സ് വിഭാഗത്തിലേക്ക് നൽകുകയും തുടർന്ന് ഹെഡ് ഓഫിസിൽ നിന്നുള്ള പർച്ചേയ്സ് ഓർഡർ പ്രകാരമുള്ള




അസംസ്കൃത പദാർത്ഥങ്ങൾ ലേബൽ ചെയ്ത് സുരക്ഷിതമായി ഗോഡൗണുകളിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. നിയമാനുസൃത മാനദണ്ഡങ്ങൾക്കനുസൃതമായാണ് കാലിത്തീറ്റയുടെ ഉല്പാദനം നടക്കുന്നതെന്ന് ഉറപ്പു വരുത്തുകയാണ് ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന്റെ പ്രധാന ചുമതല. രണ്ട് കാലിത്തീറ്റ ഫാക്ടറികളിലും അത്യന്താധുനിക ഗുണനിലവാര പരിശോധനാസംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും എൻഡിഡിബിയുടെ കാഫ് ലാബ് മുഖാന്തരവും മറ്റ് എൻഎബിഎൽ ലാബുകൾ മുഖാന്തരവും അസംസ്കൃത സാധനങ്ങളുടേയും കാലിത്തീറ്റയുടേയും പരിശോധന നടത്താറുണ്ട്.

സംസ്ഥാന സർക്കാർ കാറ്റിൽ ഫീഡ് ആക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ രണ്ട് പ്ലാന്റുകളും ഉല്പന്നങ്ങൾക്ക് ബിഐഎസ് ലൈസൻസ് എടുത്തിട്ടുണ്ട്. ഉയർന്ന ഉല്പാദനശേഷിയുള്ള കാലികൾക്കായി ഉടൻതന്നെ മിൽമ സൂപ്പർ കാലിത്തീറ്റയും മിൽമ ഡിലൈറ്റ് കാലിത്തീറ്റയും വിപണിയിലെത്തിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കോവിഡ് മഹാമാരിമൂലം ബുദ്ധിമുട്ടിലായ ക്ഷീരകർഷകർക്ക് ആശ്വാസമായി ക്ഷീര വികസന വകുപ്പ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന കാലിത്തീറ്റയിൽ 116878 ചാക്ക് തീറ്റ മിൽമ വഴിയാണ് വിതരണം ചെയ്യുന്നത്. നടപ്പു വർഷം രണ്ട് കാലിത്തീറ്റ ഫാക്ടറികളും ലാഭത്തിലായിരുന്നതിനാൽ ഫെഡറേഷൻ 78558440 രൂപ കാലിത്തീറ്റ ഡിസ്കൗണ്ടായി നൽകി.

## കാലിത്തീറ്റ ഫാക്ടറി – പട്ടണക്കാട്





പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയുടെ മൊത്തം ഉല്പാദനം 57,659.000 മെട്രിക് ടൺ ആയിരുന്നു. റിപ്പോർട്ടിംഗ് വർഷത്തിൽ മൊത്തം വില്പന 56272.850 ടൺ ആയിരുന്നു. മലബാർ മേഖലയിലെ സംഘങ്ങൾക്ക് വിതരണത്തിനായി 894.60 മെട്രിക് ടൺ തീറ്റ സ്റ്റോക്ക് ട്രാൻസ്ഫർ ക്രമീകരണത്തിൽ മലമ്പുഴ കാലിത്തീറ്റ ഫാക്ടറിക്ക് നൽകുകയുണ്ടായി. വിപണനത്തിനാവശ്യമായ മുഴുവൻ കാലിത്തീറ്റയും ഇത്തവണ സ്വന്തം പ്ലാന്റിൽ നിന്ന് ഉല്പാദിപ്പിക്കുകയായിരുന്നു.

റിപ്പോർട്ടിംഗ് വർഷത്തിൽ ഫാക്ടറിക്ക് 8.96 കോടി രൂപ ലാഭമുണ്ടായി. അസംസ്കൃത വസ്തുക്കളുടെ വിലയിൽ നേരിയ കുറവുണ്ടായതിനാലാണിത്. കാലിത്തീറ്റയുടെ ഗുണനിലവാരത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല എന്നത് മിൽമ കാലിത്തീറ്റയെ പറ്റി കർഷകർക്കും സംഘങ്ങൾക്കും നല്ല

മതിപ്പുണ്ടാക്കി. ഡിഒആർബി സൈലോ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ചു. വില കുറവ് വരുന്ന സന്ദർഭങ്ങളിൽ കൂടുതൽ അളവിൽ ഡി ഒ ആർ ബിയും ചോളവും സംഭരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്ലാന്റിൽ ഫയർ ഹൈഡ്രാന്റ് സിസ്റ്റം പ്രോജക്റ്റ് ജോലികൾ പുരോഗമിക്കുകയാണ്.

കർശനമായ ഗുണനിലവാര നിയന്ത്രണം പാലിക്കുന്നു എന്നതിനാൽ വർഷം മുഴുവനും ഒരേ ഗുണനിലവാരത്തിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് സാധിച്ചു എന്നത് മറ്റ് പ്രതിയോഗികൾക്ക് മേൽ മിൽമ കാലിത്തീറ്റയ്ക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്. പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയുടെ മിൽമ ഗോൾഡ് ടൈപ്പ് 2 കാലിത്തീറ്റയ്ക്ക് ബിഐഎസ് സർട്ടിഫിക്കേഷൻ 04.02.2021ൽ ലഭിച്ചു.

## കാലിത്തീറ്റ ഫാക്ടറി – മലമ്പുഴ

മലമ്പുഴ കാലിത്തീറ്റ ഫാക്ടറി 1970-ൽ പ്രവർത്തനമാരംഭിച്ചു. പ്ലാന്റിന്റെ കപ്പാസിറ്റി 1986-ൽ 100 മെട്രിക് ടൺ ആയും 1994-ൽ 200 മെട്രിക് ടൺ ആയും ഉയർത്തി. 2006-ൽ പ്ലാന്റിന്റെ കപ്പാസിറ്റി 300 മെട്രിക് ടൺ ആയി ഉയർത്തുകയും പെല്ലറ്റ് ഫീഡ് ഉൽപ്പാദിപ്പിക്കുവാൻ തുടങ്ങുകയും ചെയ്തു. 12 കോടി രൂപ ചിലവ് ചെയ്ത് ഇറക്കുമതി ചെയ്ത നവീന രീതിയിലുള്ള പെല്ലറ്റ് മില്ലും, ഹാമർ മില്ലും ഉൾപ്പെടെ പ്ലാന്റിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും അതിന്റെ ഉദ്ഘാടനം 2019 ഡിസംബർ മാസം 13-ാം തീയതി നിർവഹിക്കുകയും ചെയ്തു. തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള 1200 നു മീതെ സംഘങ്ങൾക്കുള്ള കാലിത്തീറ്റ ഇവിടെ നിന്നും വിതരണം ചെയ്യുന്നു.

ഇപ്പോൾ 8 എംഎം പെല്ലറ്റിനു പകരം 6 എംഎം പെല്ലറ്റാണ് പ്ലാന്റിൽ ഉല്പാദിപ്പിക്കുന്നത്.






## 2020 – 2021 സാമ്പത്തിക വർഷത്തിന്റെ വിശദാംശങ്ങൾ (മലമ്പുഴ കാലിത്തീറ്റ ഫാക്ടറി)

1. ലുമ്പി സ്കിൻ ഡിസീസ് പൊട്ടിപ്പുറപ്പെട്ട സമയത്ത് തൃശൂർ പി & ഐ ദുരിതാശ്വാസഫണ്ടിലേക്ക് 25 മെട്രിക് ടൺ മിൽമ ഗോമതി കാലിത്തീറ്റ നൽകി.
2. കോവിഡ് -19 പാൻഡെമിക് ദുരിതാശ്വാസ പദ്ധതി പ്രകാരം 25 മെട്രിക് ടൺ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ നൽകി.
3. കെഎൽഡിബി വഴി ആർജിഎംപിടി സ്കീമിന് കീഴിൽ 86.65 മെട്രിക് ടൺ മിൽമ ഗോമതി റിച്ച് ഫീഡും 10.29 മെട്രിക് ടൺ ഏരിയ സ്പെസിഫിക് ധാതുലവണമിശ്രിതവും നൽകി.
4. പാലക്കാട്, കണ്ണൂർ ജില്ലകളിലെ ഡിഡി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം 134.75 മെട്രിക് ടൺ മിൽമ ഗോമതി റിച്ച് കാലിത്തീറ്റ വിതരണം ചെയ്തു.
5. മലബാർ മേഖലായൂണിയന്റെ എസ്എൻഎഫ് മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം 9.471 മെട്രിക് ടൺ ഏരിയ സ്പെസിഫിക് ധാതുലവണമിശ്രിതം നൽകി.
6. കൂത്തുപറമ്പ് മുനിസിപ്പാലിറ്റി പ്രോജക്ടിന് കീഴിൽ 12.50 മെട്രിക് ടൺ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ കണ്ണൂരിലെ ആഡിയറപാറ ആപ്കോസിന് നൽകി.
7. ഗ്രാമ പഞ്ചായത്ത് വെറ്റിനറി സർജൻ പദ്ധതിയിൻ കീഴിൽ 20.55 മെട്രിക് ടൺ മിൽമ ഗോമതി കാലിത്തീറ്റ നൽകി.
8. യൂറിയ ഇല്ലാത്ത മിൽമ ബൈപ്രോ ടൈപ്പ് 2 കാലിതീറ്റയ്ക്ക് ബി ഐ എസ് ലൈസൻസ് ലഭിച്ചു.

# കാലിത്തീറ്റയുടെ ഉൽപ്പാദനവും വിൽപ്പനയും

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2020-21ൽ പ്ലാന്റുകളുടെ ഉൽപാദനശേഷിയുടെ പ്രയോജനപ്പെടുത്തൽ കുറഞ്ഞു. മുൻ വർഷത്തെ അപേക്ഷിച്ച് 11.78% കുറവായിരുന്നു ഇത് രേഖപ്പെടുത്തിയത്. കോവിഡ് മഹാമാരിമൂലമുണ്ടായ വില്പനയിലെ മന്ദതയും കർഷകരുടെ വാങ്ങൽ ശേഷി കുറഞ്ഞതുമാണ് ഇതിനു കാരണം. മുൻകാലങ്ങളിലെ പോലെ വിൽപനയുടെ ഭൂരിഭാഗവും ആപ്കോസുകൾ വഴിയായിരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.


**Table 7: Production in 2020-21**

| Unit | Qty. (MT) | Capacity utilization (%) |
|---|---|---|
| CFP Pattanakad | 57659 | 64.06 |
| CFP Malampuzha | 53002.95 | 59.27 |
| **Total** | **110661.95** | **61.48** |

കാലിത്തീറ്റയുടെ വിൽപ്പന കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2020-21 വർഷത്തിൽ കുറവാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 18.18% കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.


**Table 8: Sales of cattle feed in 2020-21 (in MT)**

| Units | APCOS MT | Dealers MT | Govt. MT | Others MT | Total MT |
|---|---|---|---|---|---|
| Pattanakad | 42405.20 | 1606.05 | 12172.85 | 88.75 | 56272.850 |
| Malampuzha | 40840.55 | 340.20 | 13436.70 | 104.55 | 54722 |
| **Total** | **83245.75** | **1946.25** | **25609.55** | **193.30** | **110994.85** |




## Table 9: Comparison of production & sales of cattle feed in MT

| 2019-20 | | 2020-21 | |
|---|---|---|---|
| **Production** | **Sales** | **Production** | **Sales** |
| 135295.06 | 135651.05 | 110661.95 | 110994.85 |






# കെ.സി.എം.എം.എഫ്. ഹെഡ് ക്വാർട്ടേഴ്സ്

മേഖലാ യൂണിയനുകളുടെ മികച്ച പ്രവർത്തനത്തിനായി ഹെഡ് ഓഫീസിലെ വിവിധ വകുപ്പുകൾ അവയ്ക്ക് നിർണ്ണായകമായ ഉപദേശങ്ങളും പിന്തുണയും നൽകി വരുന്നു. റിപ്പോർട്ടു വർഷം വിവിധ വകുപ്പുകൾ നടത്തിയ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ താഴെ പറയുന്നു.

## പ്രൊക്യുർമെന്റ് & ഇൻപുട്ട് (പി&ഐ)

ഫെഡറേഷന്റെ പി&ഐ വിഭാഗം മേഖലാ യൂണിയനുകളുമായി ബന്ധപ്പെട്ടു കൊണ്ട് പാൽ സംഭരണം സംബന്ധിച്ച കാര്യങ്ങളും, വിവിധ ഉൽപ്പാദനോപാധികൾ നൽകുന്ന കാര്യങ്ങളും കൈകാര്യം ചെയ്യുന്നു. ന്യായ മായ വിലയ്ക്കുള്ള സമീകൃത കാലി ത്തീറ്റയാണ് പ്രധാന ഉൽപ്പാദനോപാധി. ഇതോടൊപ്പം കർഷകർക്കുള്ള ഫീഡ് സപ്ലി മെന്റുകളുടെ വിതരണം, ഇതരതീറ്റ വസ്തു ക്കളുടെ വിതരണം, കൃത്രിമ ബീജധാനങ്ങ ളുടെ ലഭ്യത ഉറപ്പാക്കൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ലഭ്യമായ ഫണ്ടുകൾ ഉപയോ ഗിച്ച് വിവിധ ക്ഷേമ പദ്ധതികൾ, ഇൻഷു റൻസ് പദ്ധതികൾ, സബ്സിഡികൾ എന്നിവ കർഷകർക്ക് നൽകുന്നുണ്ട്. സംഘങ്ങളിൽ സംഭരിക്കുന്ന മുഴുവൻ പാലും മിൽമ സ്വീക രിക്കുകയും ന്യായമായ പാൽവില മുടക്കമി ല്ലാതെ കർഷകന് നൽകുകയും ചെയ്യുന്നു. എൻഡിപി (വിബിഎംപിഎസ്, ആർബിപി), എൻപിഡിഡി തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃഷി ക്ഷീരവികസന/മൃഗസംരക്ഷണ വകുപ്പുകളുമായും കത്തിടപാടുകൾ ഈ വിഭാഗത്തിൽ നിന്നും നടത്തി വരുന്നു. കെഎൽഡിബി, എൻസിയുഐ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ, എൻസിഡിഎഫ്ഐ, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (സ്റ്റാറ്റിസ്റ്റിക്കൽസ് റിപ്പോർട്ട്) തുടങ്ങിയ വിവിധ ഏജൻസികളുമായുള്ള ഏകോപിപ്പിക്കൽ പി&ഐ വിഭാഗത്തിൽ നടത്തി വരുന്നു. ഹെഡ് ഓഫീസിലെ പി&ഐ വിഭാഗവും മേഖലാ യൂണിയ നുകളുമായി ഏകോപിപ്പിച്ചാണ് അസംബ്ലി സെഷനുകളിലേക്കുള്ള മിൽമയെ സംബന്ധി ച്ചുള്ള മറുപടികൾ നൽകുന്നത്.

പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളിൽ നിന്ന് ഓരോ മിൽക്ക് യൂണിയനിൽ നിന്നും അഞ്ച് മുതൽ ആറ് വരെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു മൾട്ടി ഫംഗ്ഷണൽ കോർ ഗ്രൂപ്പ് കെസിഎംഎംഎഫ് രൂപീകരിച്ചിരിക്കുന്നു.

## പർച്ചേയ്സ്

പ്രധാന പർച്ചേയ്സുകൾക്ക് കെസിഎംഎംഎഫ് ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മിൽമയുടെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളും ഡയറികൾക്ക് ആവശ്യമായ പാക്കിംഗ് സാമഗ്രികളും ഫെഡറേഷനിലേക്ക് സപ്ലൈ ചെയ്യുന്നതിന് സർക്കാരിന്റെ സൈറ്റിൽ ഇ-ടെണ്ടർ സമർപ്പിച്ചാണ് അപേക്ഷ നൽകേണ്ടത്. വാർഷികാടിസ്ഥാനത്തിൽ ഇ-ടെണ്ടർ വഴി ക്വട്ടേഷനുകൾ ക്ഷണിച്ചാണ് ഡയറികൾക്കാവശ്യമായ പാക്കിംഗ് വസ്തുക്കളുടെ പർച്ചേയ്സിനുള്ള കോൺട്രാക്ട് നൽകുന്നത്. ഫെഡറേഷന്റെയും മേഖലാ യൂണിയനുകളുടെയും മാനേജിംഗ് ഡയറക്ടർമാർ, അസി. മാനേജർ (ക്യൂസി/പ്രൊഡക്ഷൻ), അസിസ്റ്റന്റ് മാനേജർ (പർച്ചേയ്സ്/മാർക്കറ്റിംഗ്) അക്കൗണ്ട്സ് ഓഫീസർ എന്നിവരടങ്ങുന്ന പർച്ചേയ്സ് കമ്മിറ്റിയാണ് ഡയറികൾക്ക് ആവശ്യമായ വസ്തുക്കൾ വാങ്ങുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നത്.

കാലിത്തീറ്റയ്ക്കായുള്ള അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങുന്നത് സ്ഥിരമായ ഒരു പ്രക്രിയയാണ്. ഇ-മെയിൽ വഴി ഓഫറുകൾ ക്ഷണിച്ച് അസംസ്കൃത വസ്തുക്കൾ വാങ്ങുന്ന പ്രക്രിയ നിർത്തലാക്കുകയും എല്ലാ അസംസ്കൃത വസ്തുക്കൾക്കും വിപരീത ലേലം ഉൾപ്പെടെയുള്ള ഇ-ടെൻഡറുകൾ ഒരേസമയം കേരള സർക്കാരിന്റെ ഇടെണ്ടർ പോർട്ടൽ www.etenders.kerala.gov.in എൻസിഡിഎഫ്ഐ ഇ-മാർക്കറ്റ് എന്നിവയിൽ നടത്തുകയും ഇതിൽ നിന്നും ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് സ്വീകരിക്കുകയും ചെയ്യുന്നു. 10 ദിവസത്തിലൊരിക്കൽ ഇത്തരം ടെൻഡർ നടത്തുന്നു. ടെൻഡറിംഗ് പ്രക്രിയ സുഗമമായിരിക്കുന്നതിനായി യൂണിറ്റുകൾ അവരുടെ ആവശ്യങ്ങൾ മുൻകൂട്ടി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇ-പ്ലാറ്റ്ഫോമുകളിൽ പങ്കാളികളില്ലാത്തപ്പോൾ മാത്രമാണ് പ്രാദേശിക ഓഫറുകൾ സ്വീകരിക്കുന്നത്.

പല പ്രധാനപ്പെട്ട അസംസ്കൃത വസ്തുക്കളുടെയും വില കാലാവസ്ഥയ്ക്കനുസരിച്ച് മാറുന്നുണ്ട്. അതിനാൽ അത്തരം വസ്തുക്കൾ മാർക്കറ്റിൽ സുലഭമായി ലഭിക്കുന്നതനുസരിച്ചും വില കുറയുന്നതിനനുസരിച്ചും വാങ്ങിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ അസംസ്കൃത വസ്തുക്കളും ആവശ്യാനുസരണം വാങ്ങി സ്റ്റോക്ക് ചെയ്യുന്നതിനും ഉൽപാദനം മുടക്കം കൂടാതെ നടത്തുന്നതിനും ഗുണനിലവാരം നിലനിർത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പല അസംസ്കൃത വസ്തുക്കളുടെയും റിബേറ്റ് സ്ട്രക്ചർ നവീകരിക്കുകയും 2020 ഫെബ്രുവരി മുതൽ കൂടുതൽ കർശനമാക്കുകയും ചെയ്തു. പ്രധാന അസംസ്കൃത വസ്തുവായ എണ്ണ നീക്കം ചെയ്ത തവിട്, ഇ-ടെണ്ടർ വഴി വടക്കേ ഇന്ത്യയിൽ നിന്നും വാങ്ങി തീവണ്ടി മാർഗ്ഗം എത്തിക്കുന്നു. ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ഛത്തീസ്ഖഡ് തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ഡിഒആർബി വൻതോതിൽ വാങ്ങിക്കുന്നതിന്റെ ഗുണം പലകാരണങ്ങളാൽ ഇത്തവണ ലഭിച്ചില്ല. തെക്കേ ഇന്ത്യയിൽ തവിടിന് നല്ല വിലക്കുറവ് ഉണ്ടായതിനാൽ വിളവെടുപ്പ് സമയത്ത് ആദായകരമായ വിലയ്ക്ക് ആവശ്യാനുസരണം വാങ്ങുന്നതിന് സാധിക്കുകയുണ്ടായി. ചോളം, പ്രോട്ടീൻ നൽകുന്ന പിണ്ണാക്കുകൾ തുടങ്ങിയ അസംസ്കൃത വസ്തുക്കളെല്ലാം പത്ത് ദിവസത്തിലൊരിക്കൽ ഇ-ടെൻഡർ വഴിയും എൻസിഡിഎഫ്ഐ ഇ-മാർക്കറ്റ് വഴിയും ടെണ്ടർ സ്വീകരിച്ച് മാർക്കറ്റിലെ വിലയുമായി ഒത്തു നോക്കിയാണ് അസംസ്കൃത വസ്തുക്കൾ വാങ്ങിക്കുന്നത്.

രാജ്യത്തുടനീളമുള്ള കോവിഡ് രോഗവ്യാപനം കാരണം ട്രക്കുകൾ ലഭ്യമല്ലാത്തതുകൊണ്ടും, ഉൽപ്പാദന ശാലകൾ അടക്കേണ്ടിവന്നതുകൊണ്ടും മെറ്റീരിയൽ വാങ്ങുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. വിതരണ വിലകളിൽ വർദ്ധനവ് ഉയർത്താൻ മിൽമയുടെ തന്നെ കരാർ വാഹനങ്ങൾ നൽകേണ്ടി വന്നു. സർക്കാരിന്റെ സമയോചിതമായ ഇടപെടൽ കാരണം അസംസ്കൃത വസ്തുക്കളുടെ വാങ്ങലും ഗതാഗത പ്രക്രിയയും വളരെ ബുദ്ധിമുട്ടില്ലാതെ കൈകാര്യം ചെയ്യാൻ കഴിഞ്ഞു. റിപ്പോർട്ടിംഗ് കാലയളവിൽ മിക്കവാറും എല്ലാ അസംസ്കൃത വസ്തുക്കളുടെയും വില ആകർഷകമായിരുന്നു എന്നതിനാൽ കാലിത്തീറ്റ ഉൽപാദനം ലാഭത്തിലാണ്.

അസി.മാനേജർ (ക്യൂസി/പ്രൊഡക്ഷൻ), അസിസ്റ്റന്റ് മാനേജർ (പർച്ചേയ്സ്/ മാർക്കറ്റിംഗ്), അക്കൗണ്ട്സ് ഓഫീസർ എന്നിവരടങ്ങുന്ന പർച്ചേയ്സ് കമ്മിറ്റിയാണ് അസംസ്കൃത വസ്തുക്കളുടെ പർച്ചേയ്സ് കൈകാര്യം ചെയ്യുന്നത്. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതു സംബന്ധിച്ച്



അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പ് രണ്ട് കാലിത്തീറ്റ ഫാക്ടറികളുടെയും തലവന്മാരുടെ അഭിപ്രായം കണക്കിലെടുക്കുന്നുണ്ട്. കാലങ്ങളായി വികസിപ്പിച്ചെടുത്ത വിതരണക്കാരുടെ ശൃംഖലയിലൂടെ നടത്തിവരുന്ന പർച്ചേയ്സ് ഇടപാടുകൾ മൂലം ആകർഷകമായ വിലയ്ക്ക് ഉന്നത ഗുണ നിലവാരമുള്ള അസംസ്കൃത വസ്തുക്കളും പാക്കിംഗ് മെറ്റീരിയലുകളും ലഭ്യമാകുന്നു. അസംസ്കൃത വസ്തുക്കളുടെ വിലകളിലുണ്ടണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കി, വിലകുറവുള്ളപ്പോൾ ബൾക്ക് പർച്ചേയ്സ് നടത്തുകയും അങ്ങനെ വിലക്കയറ്റ സമയത്ത് സ്ഥാപനത്തിന് നഷ്ടമുണ്ടാവാതെയും എന്നാൽ ഉൽപ്പന്നത്തിന്റെ ഗുണ നിലവാരം നഷ്ടപ്പെടാതെയും ശ്രദ്ധിക്കുന്നു. വില ആകർഷകമായി കാണുമ്പോഴെല്ലാം കൂടുതൽ മെറ്റീരിയലുകൾ സംഭരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ശ്രമിക്കുന്നു. അത്തരം മെറ്റീരിയലുകൾ സംഭരിക്കുന്നതിന് കൂടുതൽ ഗോഡൗൺ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

ഇ-ടെൻഡറുകളിലൂടെ ന്യായമായ നിരക്കിൽ മൊളാസസ് വാങ്ങുന്നതിലൂടെ രണ്ട് കാലിത്തീറ്റ ഫാക്ടറികളിലും മോളാസസ്ന്റെ സ്റ്റോക്ക് ആവശ്യത്തിന് ഉറപ്പാക്കുന്നു. കേരള സർക്കാർ ഇ-ടെണ്ടർ പ്ലാറ്റ്ഫോമിലോ എൻസിഡിഎഫ്ഐ പ്ലാറ്റ്ഫോമിലോ ടെണ്ടർ പ്രസിദ്ധീകരിക്കുന്ന സമയത്ത് ഫെഡറേഷന്റെ വിതരണക്കാരുടെ ലിസ്റ്റിലുള്ള എല്ലാവർക്കും ഒരു എസ്എംഎസ് നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിലുള്ള ലിങ്ക് മുഖേന വിതരണക്കാർക്ക് ടെണ്ടറുകളെപ്പറ്റി അറിയുവാനും പങ്കെടുക്കുവാനും സാധിക്കുന്നു. സകല പ്രതിബന്ധങ്ങളെയും മറികടന്ന്, കേരളത്തിലെ ക്ഷീര കർഷകർക്ക് ഗുണ നിലവാരമുള്ള കാലിത്തീറ്റ ന്യായവിലയ്ക്ക് നൽകുവാൻ ഫെഡറേഷൻ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വിപണനം

ബ്രാൻഡ് ഉടമയെന്ന നിലയ്ക്ക് കെസിഎംഎംഎഫ്, മേഖലാ യൂണിയനുകൾക്ക് മിൽമ ബ്രാന്റിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള ലൈസൻസ് നൽകിയിട്ടുണ്ട്. മാർക്കറ്റിങ് പ്രവർത്തനങ്ങളെ ഫെഡറേഷൻ ഏകോപിപ്പിക്കുകയും സംസ്ഥാന തലത്തിൽ എല്ലാ പ്രധാന നയതീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. പ്രോഗ്രാമിങ് കമ്മിറ്റി പാലുൽപാദനം, വിൽപ്പന നിലപാടുകൾ എന്നിവയെക്കുറിച്ച് സ്ഥിരമായി വിലയിരുത്തുകയും, വില നിർണ്ണയത്തിനുള്ള തീരുമാനങ്ങൾ എടുക്കുകയും, യൂണിയനുകൾ വഴി പാലുൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പുതിയ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. വിപണിയിലെ പ്രതിയോഗികൾ മിൽമയുടേതിനു സമാനമായ ആർട്വർക്ക് സ്വീകരിക്കുന്നതുപോലുള്ള പ്രശ്നങ്ങളുടെ വെളിച്ചത്തിൽ, അവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കേന്ദ്രീകൃത മാർക്കറ്റിംഗ് ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. യൂണിയനുകൾ / യൂണിറ്റുകൾ എന്നിവ പരിഗണിക്കാതെ മിൽമ എന്ന വ്യാപാര നാമത്തിൽ വിപണനം ചെയ്യുന്ന സമാന ഉൽപ്പന്നങ്ങൾക്കായി പൊതുവായ ബാർ കോഡ് നൽകുന്ന പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. ട്രേഡ് മാർക്ക് രജിസ്ട്രേഷന് കീഴിൽ പുതിയ ഉൽപ്പന്നങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പണമടച്ചുള്ള പ്രമോഷൻ സ്കീം ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പോലുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ടാമത്തെ തരംഗം പാൽ വിൽപ്പന വളരെയധികം ബാധിച്ചു. സംസ്ഥാന സർക്കാരിന്റെ

ഇടപെടൽ നിമിത്തം മിച്ചമുള്ള പാൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പുകളിലേക്കും അംഗൻവാടിയിലേക്കും എത്തിക്കുവാൻ കഴിഞ്ഞു. പൊതുവായ വിപണന പ്രമോഷൻ ക്യാമ്പയിനുകൾ മാർക്കറ്റിംഗ് വിഭാഗം ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. അത്തരം ക്യാമ്പയിനുകൾ കാരണം, മിൽമ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിച്ചു. മിൽമയുടെ മീഡിയ കവറേജിനും മാർക്കറ്റ് ഇന്റലിജൻസ് പ്രവർത്തനത്തിനുമായും പബ്ലിക് റിലേഷൻ / മീഡിയ റിലേഷൻ, നടത്തിപ്പിനും വേണ്ടിയും ഒരു പരസ്യ ഏജൻസിയെ കണ്ടെത്തി.

## പ്രോജക്ട്

ഫെഡറേഷൻ / റീജിയണൽ മിൽക്ക് യൂണിയനുകൾക്ക് കീഴിലുള്ള എഞ്ചിനീയറിംഗ് പ്രാജക്ടുകൾ നടപ്പാക്കുന്നത് കെസിഎംഎംഎഫിന്റെ പ്രോജക്ട് വിഭാഗമാണ്. പുതിയ ഡയറി പ്ലാന്റുകൾ, കാലിത്തീറ്റ പ്ലാന്റുകൾ, നിലവിലുള്ള ഡയറികളുടെയും കാലിത്തീറ്റ പ്ലാന്റുകളുടെയും നവീകരണം, ശേഷി വർദ്ധിപ്പിക്കൽ, അത്യാധുനിക സാങ്കേതികവിദ്യകളും ആധുനിക സൗകര്യങ്ങളും ഉപയോഗിച്ച് ആധുനികവത്കരിക്കുന്നതിലൂടെ നിലവിലുള്ള പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ടേൺകീയിലും കൺസൾട്ടൻസി അടിസ്ഥാനത്തിലും പദ്ധതികൾ നടപ്പിലാക്കുന്നു. ചെലവ് കണക്കാക്കൽ, സാമ്പത്തിക ഭദ്രതാ പ്രസ്താവനകൾ തുടങ്ങിയ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന / കേന്ദ്ര സർക്കാർ / മറ്റ് ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നു. പദ്ധതി നിർദേശങ്ങൾ അംഗീകരിച്ചതിനു ശേഷം, ബിഡ്ഡിംഗ് പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള വിശദമായ ആസൂത്രണം നടത്തുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമ്പത്തികവും ഭൗതികവുമായ ബജറ്റിംഗ്, വിശദമായ എഞ്ചിനീയറിംഗ് ഡ്രോയിംഗുകൾ തയ്യാറാക്കൽ, സാങ്കേതിക സവിശേഷത, ടെണ്ടർ ഡോക്യുമെന്റ് എന്നിവയും ഒരേസമയം തയ്യാറാക്കുന്നു. ടെണ്ടറുകൾ അന്തിമമാക്കിയ ശേഷം, പ്രോജക്റ്റ് ജോലിയുടെ ഭൗതിക നടപ്പാക്കൽ ആരംഭിക്കുന്നു, അത് ദൈനംദിന അടിസ്ഥാനത്തിൽ നിരീക്ഷിക്കുന്നു. സമയബന്ധിതമായ സൈറ്റ് മീറ്റിംഗുകളും അവലോകനങ്ങളും അടിസ്ഥാനമാക്കി പുരോഗതി അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ ഇ-ടെൻഡറിംഗ് പ്രക്രിയയിലൂടെയാണ് ടെണ്ടറുകൾക്ക് അന്തിമ രൂപം നൽകുന്നത്. സംസ്ഥാന സർക്കാരിന്റെ www.etenders.kerala.gov.in. വിവിധ ബിഡ്ഡറുകൾ സമർപ്പിച്ച് ബിഡ്ഡുകൾ തുറന്നതിനുശേഷം സാങ്കേതികമായും സാമ്പത്തികമായും വിലയിരുത്തപ്പെടുന്നു. ടെണ്ടറുകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും നടത്തേണ്ട ജോലികൾ/ യന്ത്രങ്ങളുടെ വാങ്ങൽ എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ച പർച്ചേസ് കമ്മിറ്റിക്ക് മുന്നിൽ വയ്ക്കുകയും ചെയ്യുന്നു. വിവിധ ധന സഹായങ്ങളുടെ അന്തിമരൂപം, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയ്ക്കുള്ള നിർദേശങ്ങളും കരാർ അനുമതിയും വാങ്ങൽ സമിതി തീരുമാനിക്കുന്നു. കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് ഫെഡറേഷനും പ്രാദേശിക പാൽ യൂണിയനുകളും നടപ്പിലാക്കുന്ന വിവിധ ജോലികൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും പർച്ചേയ്സ് കമ്മിറ്റി അനുമതി നൽകുന്നു. കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, എന്നിവർ നൽകിയ ഫണ്ടും കെസിഎംഎംഎഫ്, ടിആർസിഎംപിയു, ഇആർസിഎംപിയു, എംആർസിഎംപിയു എന്നിവരുടെ ആഭ്യന്തര ഫണ്ടും ഉപയോഗിച്ച് റിപ്പോർട്ടിംഗ് വർഷത്തിൽ ഇനിപ്പറയുന്ന അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടത്തി.



# കെ.സി.എം.എം.എഫ്. പ്രോജക്ടുകൾ

## കെ.സി.എം.എം.എഫ്. ഹെഡ്ഡ് ഓഫീസ് – പട്ടം

11,63,631.00 രൂപ ചെലവ് ചെയ്ത് ഓഫീസ് കെട്ടിടത്തിന്റെ പെയിന്റിംഗും മറ്റ് അറ്റകുറ്റപ്പണികളും നിർവ്വഹിച്ചു. 28.50 ലക്ഷം രൂപ ചെലവ് ചെയ്ത് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവരുടെ ക്യാബിൻ, പ്രധാന പ്രവേശന കവാടം, സന്ദർശക ലോഞ്ച് എന്നിവയ്ക്കായി പുതിയ ഇന്റീരിയർ ഫർണിഷിംഗ് ജോലികൾ പൂർത്തിയാക്കി.

## കാലിത്തീറ്റ ഫാക്ടറി പട്ടണക്കാട്

അഗ്നിരക്ഷാ സംവിധാനത്തിന്റെ സ്ഥാപനം പരിശോധന, കമ്മീഷൻ ചെയ്യൽ എന്നിവയ്ക്ക് 61,05,050.00 രൂപ അടങ്കൽ നൽകി. 30% ജോലികൾ പൂർത്തിയായി. കോവിഡ് -19 പാൻഡെമിക് സാഹചര്യം കാരണം ഇൻസ്റ്റലേഷൻ ജോലികൾ വൈകി. അഗ്നിശമന ഉപകരണങ്ങൾ, ഫയർ ഹൈഡ്രാന്റ് സിസ്റ്റം എന്നിവയുമായി ബന്ധപ്പെട്ട അധിക ജോലികൾക്കായി ഉപക രണങ്ങൾ വാങ്ങൽ, ഇറക്ഷൻ, പരിശോധന, കമ്മീഷൻ ചെയ്യൽ എന്നിവക്ക് വേണ്ടി 47,87,742.00 രൂപയ്ക്ക് ടെൻഡർ ചെയ്തു

അഗ്നിശമന ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട സിവിൽ വർക്കുകൾ. യുജി സമ്പ്, പമ്പ് റൂം, നിലവിലുള്ള വാട്ടർ ടാങ്ക് ശരിയാക്കൽ തുടങ്ങിയവയ്ക്ക് റിപ്പോർട്ടിംഗ് വർഷത്തിൽ 33,81,522.00 രൂപ അടങ്കൽ നൽകി. സിവിൽ നിർമാണ പ്രവർത്തനത്തിന്റെ 50% പൂർത്തിയായി.

ആർസിസി ഓവർഹെഡ് ടാങ്കിന്റെ സിവിൽ ജോലികൾക്കായി 10.00 ലക്ഷം രൂപയുടെ ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിച്ചു. നിലവിലുള്ള വിശ്രമമുറിയുടെയും കാന്റീന്റെയും ടെറസ് റൂഫിംഗിനായി വിവിധ സിവിൽ ജോലികൾക്കുള്ള ടെൻഡർ നടപടിക്രമങ്ങൾ 15.00 ലക്ഷം രൂപയ്ക്ക് ആരംഭിച്ചു.

## കാലിത്തീറ്റ ഫാക്ടറി – മലമ്പുഴ

മലമ്പുഴ കാലിത്തീറ്റ പ്ലാന്റിലെ ടർബോ വെന്റിലേറ്ററുകളും റെയിൻ വാട്ടർ ഗട്ടറും (എഫ്ആർപി), പഴയ റോ മെറ്റീരിയൽ ഗോഡൗണിന്റെ (ആർഎംജി) മേൽക്കൂര മാറ്റലും ഉൾപ്പെടെയുള്ള ജോലികളുടെ മൊത്തം അടങ്കൽ തുക 18,01,989.00 രൂപ. റിപ്പോർട്ടിംഗ് വർഷത്തിൽ ഇത് പൂർത്തിയാക്കി. സപ്ലൈ, മെയ്സ് ഡെഡി ക്കേയ്റ്റെഡ് ലൈനിന്റെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## സെൻട്രൽ പ്രോഡക്ട്സ് ഡയറി

എൻപിഡിഡി ക്വാളിറ്റി മിൽക്ക് പദ്ധതി പ്രകാരം എഫ്ടിഐആർ മിൽക് അനലൈസറിനായി 85,00,000.00 രൂപ അനുവദിച്ചു. റിപ്പോർട്ടിംഗ് വർഷത്തിൽ എഫ്ടിഐആർ മിൽക്ക് അനലൈസർ ഇൻസ്റ്റാൾ ചെയ്തു. എൻപിഡിഡിയിൽ നിന്നും 42,50,000.00 രൂപ സ്വീകരിച്ച് വിനിയോഗിച്ചു.

കാന്റീൻ വിപുലീകരണം, തുണി അലക്കുന്ന തിനുള്ള സൗകര്യങ്ങൾ, തൊഴിലാളികളുടെ വിശ്രമമുറി എന്നിവയ്ക്കുള്ള വിവിധ സിവിൽ ജോലികൾ 32,27,636.00 രൂപയ്ക്ക് ടെൻഡർ ചെയ്ത് അന്തിമമാക്കി.

# എം.ആർ.സി.എം.പി.യുടെ പ്രോജക്ടുകൾ

## വയനാട് ഡയറി

ആർകെവിവൈ പദ്ധതിക്കു കീഴിൽ 310.00 ലക്ഷം രൂപയും എൻപിഡിഡിക്ക് കീഴിൽ 741.27 ലക്ഷം രൂപയും വയനാട് ഡയറിയുടെ കണ്ടൻസിംഗ് പ്ലാന്റിന്റെ വിപുലീകരണത്തിനമായി ലഭിച്ചു. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

പ്രൊഡക്ഷൻ ബ്ലോക്ക്, ജീവനക്കാരുടെ വിശ്രമ മുറി, കാന്റീൻ, സർവീസ് ബ്ലോക്ക് തുടങ്ങിയവ ഉൾപ്പെടുന്ന രണ്ടാം ഘട്ട സിവിൽ വർക്കുകൾ മൊത്തം 1420.00 ലക്ഷം

രൂപയ്ക്ക് ടെൻഡർ നൽകുകയും 80% പ്രവൃത്തികളും റിപ്പോർട്ടിംഗ് വർഷത്തിൽ പൂർത്തിയാക്കുകയും ചെയ്തു. എൽടി റൂം, ബോയിലർ ഹൗസ്, ബ്രിക്കെറ്റ് സ്റ്റോറേജ് റൂം എന്നിവയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. മൊത്തം 82,59,250.70 രൂപ ചെലവിൽ വാട്ടർ ഗാലറിയും പമ്പ് ഹൗസും നിർമ്മിക്കുന്നതിനുള്ള സിവിൽ ജോലികൾക്കുള്ള ടെൻഡർ നൽകുകയും ചെയ്തു. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

കോവിഡ് 19 മൂലം അടുത്തിടെ നടന്ന അഖിലേന്ത്യാ ലോക്ക്ഡൗൺ കേരളത്തിലുടനീളം ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ലോക്ക്ഡൗൺ സമയത്ത് അതിർത്തികൾ അടച്ചിരുന്നു, അതിനാൽ അയൽ സംസ്ഥാനങ്ങളിലേക്ക് പാൽപ്പൊടി നിർമ്മാണത്തിനായി പാൽ നൽകുവാൻ യൂണിയന് കഴിഞ്ഞില്ല. അത്തരം സാഹചര്യങ്ങളിൽ സംസ്ഥാന സഹകരണ മേഖലയിൽ ഒരു പാൽപൊടി ഫാക്ടറിപോലും പ്രവർത്തിച്ചിരുന്നില്ല.

മേൽപ്പറഞ്ഞ വിഷയങ്ങളോടൊപ്പം, മലബാർ മേഖലാ യൂണിയന്റെ വർദ്ധിച്ചു വരുന്ന പാൽ സംഭരണം, ഡെയറി വൈറ്റ്നർ പോലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ച് മത്സരാധിഷ്ഠിതമായി പുതിയ വിപണന മേഖലകളെ ലക്ഷ്യം വെക്കാൻ നിർബന്ധിതമാക്കി. പാൽപ്പൊടി ഫാക്ടറിയുടെ മൊത്തം പദ്ധതി ചെലവ് 5393.00 ലക്ഷം രൂപയാണ്, ഇതിൽ 1550.00 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്ന് വകയിരുത്തിയിരുന്നതാണ്. (2020-21 ലെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 750.00 ലക്ഷം രൂപയും 800.00 ലക്ഷം രൂപ 2021-22 പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്ന്), സംസ്ഥാന ഷെയറായി 3272.00 ലക്ഷം
രൂപയും മലബാർ മേഖലാ യൂണിയന്റെ ഷെയറായി 571.00 ലക്ഷം രൂപയും ഉൾപ്പെടുന്നു. യന്ത്രസാമഗ്രികളുടെ ഇറക്കുമതി ഏകദേശം പൂർത്തിയായി, കൂടാതെ പാൽ സംഭരണത്തിനുള്ള 2 സൈലോസിന്റെ ഇൻസ്റ്റലേഷൻ നടന്ന് കൊണ്ടിരിക്കുകയാണ്.

ബോയിലറിന്റേയും ഇലക്ട്രിക്കൽ സിസ്റ്റങ്ങളുടേയും ജലശുദ്ധീകരണ പ്ലാന്റിന്റേയും നിർമ്മാണം പുരോഗമിക്കുന്നു.

### പാലക്കാട് ഡയറി

മൊത്തം 75.00 ലക്ഷം രൂപ വിഹിതത്തിൽ മാലിന്യ സംസ്കരണ പ്ലാന്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

## ഇ.ആർ.സി.എം.പി.യുടെ പ്രോജക്ടുകൾ

### എറണാകുളം ഡയറി വികസനം

ക്വാളിറ്റി മാർക്ക്, എഫ്എസ്എസ്എഐ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിനുള്ള സിവിൽ വർക്കുകൾക്ക് റിപ്പോർട്ടിംഗ് വർഷത്തിൽ മൊത്തം 78.53 ലക്ഷം രൂപയുടെ അടങ്കൽ നൽകി. പണി പൂർത്തിയായി.

### പ്രോഡക്ട്സ് ഡയറി, ഇടപ്പള്ളി

മാർക്കറ്റിംഗ് ബ്ലോക്ക്, വെഹിക്കിൾ പാർക്കിംഗ് ഷെഡ്, സെക്യൂരിറ്റി ക്യാബിൻ, എൻട്രൻസ് ഗേറ്റ് തുടങ്ങിയവയുടെ നിർമാണത്തിനായുള്ള സിവിൽ വർക്കുകൾക്ക് റിപ്പോർട്ടിംഗ് വർഷത്തിൽ 65.98 ലക്ഷം രൂപ വിഹിതം നൽകി. പണി പൂർത്തിയായി.

ഇടപ്പള്ളി പ്രോഡക്ട് ഡയറിപരിസരത്ത് ഒരു സെൻട്രൽ അനലറ്റിക്കൽ ലാബ് സ്ഥാപിക്കുന്നതിന് എൻപിഡിഡി ക്വാളിറ്റി മിൽക് പദ്ധതിയിൻ കീഴിൽ 800 ലക്ഷം രൂപ അനുവദിച്ചു. സിവിൽ വർക്കിന് (ഇലക്ട്രിക്കൽ ഉൾപ്പെടെ) 210 ലക്ഷം രൂപയും ലാബിലേക്കുള്ള ഉപകരണങ്ങൾക്കും മറ്റുമായി 590 ലക്ഷം രൂപയും. ലാബിലേക്കുള്ള  ഉപകരണങ്ങളുടെ വാങ്ങൽ പൂർത്തിയായി. ലാബ് കെട്ടിടത്തിന്റെ 70% പൂർത്തിയായി. ഇലക്ട്രിക്കൽ വർക്കിന്റെ ടെൻഡർ വിളിച്ചിട്ടുണ്ട്.



# തിരുവനന്തപുരം മേഖല യൂണിയൻ പ്രോജക്ടുകൾ

## പത്തനംതിട്ട ഡയറി വികസനം

ഡയറി പ്ലാന്റ് വിപുലീകരിക്കുന്നതിനുള്ള സിവിൽ & സ്ട്രക്ചറൽ ജോലികൾക്ക് റിപ്പോർട്ടിംഗ് വർഷത്തിൽ 271.33 ലക്ഷം രൂപ അനുവദിച്ചു. മേൽപ്പറഞ്ഞ പദ്ധതിക്കായി ആർകെവിവൈ പ്രകാരം 300.00 ലക്ഷം രൂപ അനുവദിച്ചു. സിവിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

## മാന്നാർ ചില്ലിംഗ് പ്ലാന്റ്

തിരുവനന്തപുരം മേഖലാ യൂണിയന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ മാന്നാർ മിൽക്ക് ചില്ലിംഗ് പ്ലാന്റിൽ പി & ഐ യൂണിറ്റ് ഓഫീസ് നിർമ്മിക്കുന്നതിനുള്ള സിവിൽ ജോലികൾക്ക് 35,58,221.00 രൂപ നൽകുക യുണ്ടായി. പണി പുരോഗമിക്കുന്നു.

## ഗുണനിലവാര നിയന്ത്രണവും ഉൽപാദനവും

മിൽമ ഉൽപാദിപ്പിച്ചു വിതരണം ചെയ്തു വരുന്ന പാലിന്റെയും പാലുൽപ്പന്ന ങ്ങളുടെയും ഗുണനിലവാരം ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ മാനദണ്ഡങ്ങൾക്ക നുസരിച്ച് ആണെന്ന് ഉറപ്പു വരുത്തുകയാണ് ഗുണനിലവാര നിയന്ത്രണവും ഉൽപാദന വും എന്ന വിഭാഗത്തിന്റെ പ്രധാന ജോലി. മേഖല യൂണിയനുകൾക്ക് ഉൽപന്നങ്ങളുടെ ഗുണ നിയന്ത്രണത്തിന് അവരുടേതായ സംവിധാനങ്ങൾ ഉണ്ടെങ്കിലും ആവശ്യമായ ഘട്ടങ്ങളിൽ ഫെഡറേഷൻ ഇടപെടുന്നുണ്ട്. വിൽപന നടത്തുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം നിയമാനുസൃതം സ്ഥിരമായി നിലനിർത്തു ന്നുണ്ടെന്നു ഉറപ്പാക്കുന്നതിനു വേണ്ട നിർദ്ദേ ശങ്ങൾ യൂണിയന് നൽകുന്നുണ്ട്. മേഖല യൂണിയനുമായി ചർച്ച ചെയ്ത ശേഷം എഫ്എസ്എസ്എഐയുടെ പുതിയ കോഡക്സ് സ്റ്റാന്റേർഡുകൾ എൻഡിഡിബി യുമായും കേന്ദ്രസർക്കാരുമായും കത്തിട പാടുകൾ നടത്തുന്നതും ഫെഡറേഷനാണ്. മൂന്നു മേഖല യൂണിയനുകളിലെയും ഫെഡ റേഷന്റെയും കീഴിൽ വരുന്ന എല്ലാ യൂണിറ്റു കൾക്കും ആധുനിക രീതിയിലുള്ള എല്ലാ ഗുണനിയന്ത്രണ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. എല്ലാ ലബോറട്ടറികൾക്കും അത്യാവശ്യ ടെസ്റ്റുകൾ ചെയ്യാനുള്ള എല്ലാ ഉപകരണ ങ്ങളും നൽകിയിട്ടുണ്ടെങ്കിലും ഇടയ്ക്കിടെ പാലും പാലുൽപ്പന്നങ്ങളും റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളിലും മറ്റ് NABL അംഗീകൃത ലാബുകളിലും ടെസ്റ്റ് ചെയ്യാറുണ്ട്. എൻഡിഡിബി അനുവദിച്ച ഫണ്ടും സ്വന്തം ഫണ്ടുപയോഗിച്ചും വൈറ്റമി നുകൾ ചേർത്ത് ഫോർട്ടിഫൈ ചെയ്ത പാലിന്റെ വിപണനം കഴിഞ്ഞ വർഷം എല്ലാ യൂണിറ്റുകളിൽ നിന്നും ആരംഭിച്ചു. എല്ലാ യൂണിറ്റുകളിലും കൂടി കഴിഞ്ഞ വർഷം ഉൽപാദിപ്പിച്ച ഫോർട്ടിഫൈഡ് മിൽക്കിന്റെ അളവും ഉപയോഗിച്ച വൈറ്റമിൻ പ്രിമിക്സിന്റെ അളവും യഥാക്രമം 489279580 ലിറ്ററും 9786 കിലോയും ആകുന്നു.

കൂടാതെ, വ്യത്യസ്ത യൂണിറ്റുകളിൽ ഉൽപ്പാ ദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങളുടെയും ഗുണ നിലവാരത്തിനും ഉൽപ്പാദന രീതിക്കും പാക്കിംഗിനും ഒരു സമാനത ഉണ്ടാക്കുന്ന തിനു വേണ്ടി യൂണിയനിലേയും ഫെഡറേഷ നിലെയും പ്രൊഡക്ഷൻ വിഭാഗത്തിലെ ഉദ്യോ ഗസ്ഥരെ ഉൾപ്പെടുത്തി കൊണ്ട് ഒരു ടെക്നി ക്കൽ ഗ്രൂപ്പ് രൂപീകരിക്കുകയും മേൽ പറഞ്ഞ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുകയുമാണ്.

റിപ്പോർട്ടിംഗ് വർഷത്തിൽ വിപണിയിൽ നിന്നുള്ള പരാതികൾ വളരെ കുറവായിരു ന്നു. ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം കൃത്യ മായി നടപ്പിലാക്കുകയും ഭക്ഷ്യ ഉല്പന്ന ങ്ങൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് കാലാകാലങ്ങളിൽ മെഡിക്കൽ പരിശോധന നടത്തുകയും ചെയ്തു വരുന്നു. മിൽമയുടെ കീഴിലുള്ള എല്ലാ ഡയറികളും ഐഎസ്ഒ സർട്ടിഫൈ ചെയ്തവയാണ്.

